സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 സെപ്റ്റംബർ 13 ബുധൻ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

## 'പരാതിക്കാരിയുടെ കത്ത് പുറത്തുവിടാൻ പിണറായി വിജയൻ അനുമതി നൽകി'; ദല്ലാൾ നന്ദകുമാർ

കൊച്ചി: സോളാർ പീഡനക്കേസിലെ പരാതിക്കാരിയുടെ കത്ത് കാണിച്ചത് അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന വി.എസ്.അച്യുതാനന്ദനെയായിരുന്നെന്ന് ദല്ലാൾ ടി.ജി നന്ദകുമാർ. കത്ത് പിന്നീട് പാർട്ടി സെക്രട്ടറിയായിരുന്ന പിണറായി വിജയനെ കാണിച്ചെന്നും നന്ദകുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പരാതിക്കാരിയുടെ കത്ത് പുറത്തുവിടാൻ പിണറായി വിജയൻ വാക്കുകൊണ്ടും മുഖഭാവം കൊണ്ടും അനുമതി നൽകി. എന്നാൽ കത്ത് പുറത്ത് വിടാൻ ആരും സമ്മർദം ചെലുത്തിയിട്ടില്ല. പിന്നീടാണ് ചാനലിന് കൈമാറിയതെന്നും നന്ദകുമാർ പറഞ്ഞു.'പിണറായി വിജയൻ തന്നോട് കടക്കുപുറത്തെന്ന് പറഞ്ഞിട്ടില്ല. കേരള ഹൗസിൽ വെച്ചാണ് പിണറായി വിജയനെ കണ്ടത്. മൂന്നോ നാലോ തവണ പിണറായി വിജയനെ കണ്ടിട്ടുണ്ട്.



പരാതിക്കാരിക്ക് വേണ്ടി പിണറായി വിജയനെ കാണാൻ സമയം വാങ്ങി നൽകിയിട്ടില്ല. മുഖ്യമന്ത്രി ആയതിന് ശേഷം പിണറായി വിജയനെ നേരിട്ട് കണ്ടിട്ടില്ല. 2016 ജനുവരി മുതൽ പിണറായി വിജയനുമായി അകൽച്ചയില്ല'. പിണറായിയുമായി ഉള്ള പ്രശ്നം പരിഹരിച്ചത് ഇടനിലക്കാരാണെന്നും നന്ദകുമാർ പറഞ്ഞു.'ഉമ്മൻ ചാണ്ടി ശാരീരികമായി ഉപദ്രവിച്ചു എന്നാണ് 25 പേജുള്ള കത്തിൽ പറയുന്നത്. പരാതിക്കാരി ഉമ്മൻചാണ്ടിക്കെതിരെ എഴുതിയ കത്തിനെ പറ്റി വിശദമായി അന്വേഷിക്കാൻ വി എസ് അച്ചുതാനന്ദൻ നിർദേശം നൽകിയെന്നും നന്ദകുമാർ പറഞ്ഞു. കത്ത് പുറത്ത് വിട്ടത് ഉമ്മൻചാണ്ടിയോടുള്ള വൈരാഗ്യത്തിൻറെ പുറത്താണ്. കത്ത് ലഭിച്ചത് ശരണ്യ മനോജ് വഴിയാണ്. യു.ഡി.എഫിലെ രണ്ട് മുൻ ആഭ്യന്തര മന്ത്രിമാർക്കും കത്ത് പുറത്ത് വരാൻ താൽപര്യമുണ്ടായിരുന്നു. ' ടി.ജി നന്ദകുമാർ പറഞ്ഞു.

## ഞാൻ എന്താണെന്ന് ജനത്തിനറിയാം തിരുവഞ്ചൂർ രാധാകൃഷ്ണൻ

തിരുവനന്തപുരം: സോളാർ കേസിൽ തനിക്കെതിരെ ദല്ലാൾ ടി.ജി നന്ദകുമാർ ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടിയില്ലെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ. 'മുഖ്യമന്ത്രി പദത്തിന് വേണ്ടി ഉമ്മൻചാണ്ടിയെ കുടുക്കാൻ ശ്രമിച്ചു എന്ന തമാശ കുറേയായി കേൾക്കുന്നു. അത് തമാശയായി തന്നെ നിലനിൽക്കട്ടെ. അതിനെ ഗൗരമായി കാണുന്നില്ല. ഞാൻ എന്താണെന്ന് എനിക്കും അറിയാം, ജനത്തിനുമറിയാം'. തിരുവഞ്ചൂർ പറഞ്ഞു.
സോളാർ പീഡനക്കേസിലെ പരാതിക്കാരിയുടെ



കത്ത് പുറത്ത് വരണമെന്ന് യു.ഡി.എഫിലെ രണ്ട് ആഭ്യന്തര മന്ത്രിമാർക്ക് താൽപര്യമുണ്ടായിരുന്നെന്നായിരുന്നു നന്ദകുമാറിന്റെ ആരോപണം.
'പഴ്സണൽ സ്റ്റാഫ് അംഗം ടെനി ജോപ്പന്റെ അറസ്റ്റ് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി അറിഞ്ഞിരുന്നില്ലെന്ന കെ.സി ജോസഫ് പറഞ്ഞതിനെ ഗൗരവം കുറച്ച് കാണുന്നില്ല. പാർട്ടിയുടെഅച്ചടക്ക സമിതി ചെയർമാനാണ് താൻ. അതിനുള്ള മറുപടി ഈ രൂപത്തിലല്ല പറയേണ്ടത്. അത് പാർട്ടി നേതൃത്വത്തെ അറിയിച്ചിട്ടുണ്ട്. പാർട്ടി എന്ത് നടപടി എടുക്കുമെന്ന് നോക്കട്ടെ. ഇല്ലെങ്കിൽ മറുപടി പറയാം'. പാർട്ടിയെ ക്ഷീണിപ്പിക്കാൻ ശത്രുക്കൾക്ക് വടി ഇട്ട് കൊടുക്കാൻ തയ്യാറല്ലെന്നും തിരുവഞ്ചൂർ പറഞ്ഞു.

## നിപയ്ക്കുള്ള മരുന്നത്തും; ചികിത്സയിലുള്ളവരുടെ റൂട്ട്മാപ്പ് പ്രസിദ്ധീകരിക്കും: ആരോഗ്യമന്ത്രി

കോഴിക്കോട്: നിപ ചികിത്സയ്ക്കുള്ള മരുന്ന് വൈകീട്ട് കോഴിക്കോട്ടെത്തിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഐ.സി.എം.ആറുമായി ഇത് സംബന്ധിച്ച് ആശയവിനിമയം നടത്തിയതായും വിമാനമാർഗം മരുന്ന് എത്തിക്കുമെന്ന് അവർ അറിയിച്ചതായും മന്ത്രി നിയമസഭയിൽ പറഞ്ഞു. രോഗികളുടെ റൂട്ട് മാപ്പ് ഇന്ന് പ്രസിദ്ധീകരിക്കുമെന്നും മന്ത്രി അറിയിച്ചു.
കേരളത്തിൽ നിപ പരിശോധനക്ക് സംവിധാനം ഉണ്ടെന്നും പക്ഷേ ഐസിഎംആർ മാനദണ്ഡപ്രകാരം ആണ് നടപടിക്രമങ്ങളെന്നും ആരോഗ്യമന്ത്രി സഭയെ അറിയിച്ചു. സാങ്കേതികമായി പ്രഖ്യാപിക്കേണ്ടത് പൂനെയിൽ നിന്നാണെന്നും മന്ത്രി വിശദീകരിച്ചു.
രണ്ടാമത്തെ മരണത്തിൽ അസ്വാഭാവികത ഉണ്ടെന്ന വിലയിരുത്തലിലായിരുന്നു നിപ്പ പരിശോധിക്കാൻ തീരുമാനിച്ചത്. റൂട്ട് മാപ്പ് ഉണ്ടാക്കി സമ്പർക്ക പട്ടികയിൽ ഉള്ളവരെ എല്ലാം ഐസൊലേറ്റ് ചെയ്യും. പുണെ വൈറോളജി ലാബിൽ നിന്ന് വിദഗ്ധർ ഇന്നെത്തും. മൊബൈൽ ലാബ് സജ്ജമാക്കും. ഇന്നലെ രാത്രി 9 മണിക്ക് പുണെ എൻഐവിയിൽ നിന്നുള്ള ഫലം ലഭിച്ചിരുന്നു. ഐസൊലേഷനായി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലെ പേവാർഡിൽ 75 മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. കേന്ദ്ര സഹകരണം തേടിയിട്ടുണ്ട്. ചെന്നൈയിൽ നിന്ന് പകർച്ച വ്യാധി പ്രതിരോധ സംഘം എത്തുമെന്നും മന്ത്രി പറഞ്ഞു.

# നിപാ ജാഗ്രതയിൽ സംസ്ഥാനം

കോഴിക്കോട്: കോഴിക്കോട് ജില്ലയിൽ മരിച്ചവരടക്കം നാലുപേർക്ക് നിപ സ്ഥിരീകരിച്ചു. മരിച്ച രണ്ടുപേർക്ക് നിപ സ്ഥിരീകരിച്ചെന്ന് കേന്ദ്ര ആരോഗ്യമന്ത്രി മൻസൂഖ് മാണ്ഡവ്യപറഞ്ഞു. വിദഗ്ധ കേന്ദ്രസംഘം കേരളത്തിലെത്തുമെന്നും സംസ്ഥാന ആരോഗ്യമന്ത്രി വീണാ ജോർജുമായി ആശയവിനിമയം നടത്തിയെന്നും അദ്ദേഹം പറഞ്ഞു. മരുതോങ്കര, തിരുവള്ളൂർ പ്രദേശവാസികളാണ് മരിച്ചത്. മരിച്ചതിൽ ഒരാൾക്ക് 49 വയസ്സും ഒരാൾക്ക് 40 വയസ്സുമാണ്. ഒരാൾ ഓഗസ്റ്റ് 30നും രണ്ടാമത്തെയാൾ തിങ്കളാഴ്ച രാത്രി എട്ടു മണിയോടെയുമാണ് മരിച്ചത്. നിപ സംശയത്തെത്തുടർന്ന് കോഴിക്കോട് നാലു പേർ ചികിത്സയിലെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. മരിച്ച വ്യക്തിയുടെ ഭാര്യയും കുട്ടികളും അടക്കമാണ് ചികിത്സയിലുള്ളത്.
ജില്ലയിൽ കൂടുതൽ കണ്ടെയ്ൻമെന്റ് സോണുകൾ പ്രഖ്യാപിച്ചു. എട്ട് പഞ്ചായത്തുകളിലാണ് നിയന്ത്രണം. വാർഡ് അടിസ്ഥാനത്തിൽ കണ്ടയ്ന്റ്മെന്റ് സോൺ പ്രഖ്യാപിച്ചാണ് നിയന്ത്രണം ഏർപ്പെടുത്തിയത്. ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾ അനുസരിച്ച് ജനങ്ങളും ജാഗ്രതയിൽ ആണ്.
നിപ മരണം സ്ഥിരീകരിച്ച ആയഞ്ചേരി, മരുതോങ്കര ഗ്രാമപഞ്ചായത്തുകളിലും സമീ



പത്തെ മറ്റ് അഞ്ച് ഗ്രാമപഞ്ചായത്തുകളിലുമാണ് വാർഡ് അടിസ്ഥാനത്തിൽ കണ്ടെയ്ൻമെന്റ് സോൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഒന്നു മുതൽ 15 വരെയുള്ള വാർഡുകൾ കണ്ടെയ്ൻമെന്റ് സോൺ പരിധിയിലാണ്.
മരുതോങ്കര പഞ്ചായത്തിലെ ഒന്നു മുതൽ 14 വരെയുള്ള വാർഡുകളിലും നിയന്ത്രണം ഏർപ്പെടുത്തി. ഈ പഞ്ചായത്തുകളുമായി അതിർത്തി തിരുവള്ളൂർ, കുറ്റ്യാടി, വില്യാപ്പള്ളി, കാവിലും പാറ ഗ്രാമപഞ്ചായത്തുകളിലുമാണ് വാർഡ് അടിസ്ഥാനത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയത്. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയതായി പഞ്ചായത്ത് അധികൃതർ പറഞ്ഞു.അതേസമയം, നിപ സ്ഥിതി വിലയിരുത്താൻ കോഴിക്കോട് കേന്ദ്ര സംഘം എത്തി. കോഴിക്കോടെത്തിയ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമോളജിയിലെ ഉദ്യോഗസ്ഥർ സംസ്ഥാന ആരോഗ്യ വകുപ്പ് സെക്രട്ടറി ഉൾപ്പെടെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി സ്ഥിതി ഗതികൾ വിലയിരുത്തി. പൂനെയിൽ നിന്നുള്ള മൊബൈൽ ടെസ്റ്റിങ് ലാബ് ഇന്ന് വൈകിട്ടോടെ കോഴിക്കോട്ടെത്തും.
നിപ ബാധിതനായ 9 വയസുകാരൻ വെന്റിലേറ്ററിൽ തുടരുകയാണ്. രോഗ ലക്ഷണങ്ങളുള്ള രണ്ട് ആരോഗ്യപ്രവർത്തകരുടെ സാമ്പിൾ കൂടി പൂനെ വൈറോളി ലാബിലേക്ക് അയച്ചിട്ടുണ്ട്. വൈകിട്ട് പരിശോധനാ ഫലം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിപ ബാധിതരുമായി സമ്പർക്കമുള്ള 350 പേരുടെ പട്ടിക തയാറാക്കി നിരീക്ഷണം തുടരുന്നാതായി കോഴിക്കോട് ജില്ലാ കലക്ർ അറിയിച്ചു.



അപകടത്തിൽപെട്ട വാഹനങ്ങൾ

## കെഎസ്ആർടിസി ബസും മിനി പിക് അപ് വാനും കൂട്ടിയിടിച്ചു; രണ്ട് പേർ മരിച്ചു

പന്തളം: പത്തനംതിട്ട കുരമ്പാലയിൽ കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസും മിനി പിക് അപ് വാനും കൂട്ടിയിടിച്ച് രണ്ടു മരണം.
പിക് അപ് വാനിലെ ഡ്രൈവറും സഹായിയുമാണ് മരിച്ചത്.അടൂർ ഭാഗത്തുനിന്ന് എറണാകുളത്തേക്ക് പോവുകയായിരുന്നു കെ.എസ്.ആർ.ടി.സി. ബസ് എതിർദിശയിൽ വരികയായിരുന്ന പിക് അപ് വാനുമായി കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. പന്തളത്തിനും അടൂരിനുമിടയിൽ എം.സി. റോഡ് കുരമ്പാലയിൽ അമൃത വിദ്യാലയത്തിനുമുന്നിൽ രാവിലെ 6.30ഓടെയായിരുന്നു അപകടം.എറണാകുളം സ്വദേശികളായ പിക് അപ് വാൻ ഡ്രൈവർ തോമസ് ജോണും സഹായി വി.എസ്. ശ്യാമുമാണ് മരിച്ചത്.
ഇരുവരും സംഭവസ്ഥലത്തുതന്നെ മരിച്ചു. പിക് അപ വാനിന്റെ ഫ്രണ്ട് ക്യാബിനൽ കുടുങ്ങിയ നിലയിലായിരുന്നു ഇരുവരും.അടൂരിൽനിന്ന് ഫയർഫോഴ്സ് എത്തി ഹൈഡ്രോളിക് ഉപകരണങ്ങൾ ഉപയോഗിച്ച് ഫ്രണ്ട് ക്യാബിൻ പൊളിച്ചാണ് മൃതദേഹങ്ങൾ പുറത്തെടുത്തത്.
മൃതദേഹങ്ങൾ അടൂർ സർക്കാർ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. പിക് അപ് വാൻ ഡ്രൈവർ ഉറങ്ങിപ്പോയതാണ് അപകട കാരണമെന്നാണ് നിഗമനം.

## മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ചതിനെതിര കേസ്

# ഗ്രോ വാസുവിനെ വെറുതെ വിട്ടു

കോഴിക്കോട്: മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ചതിന് ഗ്രോ വാസുവിനെതിരെയെടുത്ത കേസിൽ മനുഷ്യാവകാശ പ്രവർത്തകൻ ഗ്രോ വാസുവിനെ വെറുതെവിട്ടു.
കുന്ദമംഗലം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേതാണ് വിധി.പ്രോസിക്യൂഷന് കുറ്റങ്ങൾ തെളിയിക്കാനായില്ലെന്ന് കോടതി പറഞ്ഞു.
മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച കേസിൽ സാക്ഷികളെയും തെളിവുകളും ഹാജരാക്കാൻ ഇല്ലെന്ന് ഗ്രോ വാസു കോടതിയിൽ പറഞ്ഞിരുന്നു. വഴി തടസ്സപ്പെടുത്തിയതിന് സാക്ഷികളില്ലെന്നും കേസ് കെട്ടിച്ചമച്ചതാണെന്നും പറഞ്ഞ ?ഗ്രോ വാസു മെഡിക്കൽ കോളജ് ആശുപത്രിയിൽ സംഘം ചേർന്നതിന് അധികൃതർ പരാതി പോലും നൽകിയിട്ടില്ലെന്നും കോടതിയിൽ വ്യക്തമാക്കി. വഴി തടസ്സം ചൂണ്ടിക്കാട്ടി ആരെങ്കിലും പരാതി നൽകിയോ എന്ന് പബ്ലിക് പ്രോസിക്യൂട്ടറോട് കോടതി ചോദിച്ചിരുന്നു. മോർച്ചറിക്ക് മുന്നിൽ അനുശോചനം നടത്തുക മാത്രമാണ് ചെയ്തതെന്നും കേസിൽ ശിക്ഷിക്കുന്നതിന് വിരോധമില്ലെന്നും ഗ്രോ വാസു കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു.



2016 ലെ കേസിൽ എൽ.പി വാറണ്ടിൻറെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കോളേജ് പൊലീസ് ജൂലൈ 29ന് 94കാരനായ ഗ്രോ വാസുവിനെ അറസ്റ്റ് ചെയ്തത്. മാവോയിസ്റ്റ് പ്രവർത്തകന്റെ മരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് മെഡിക്കൽ കോളേജ് മോർച്ചറി പരിസരത്ത് പ്രതിഷേധിച്ച സംഭവത്തിലാണ് കേസ്.
എന്നാൽ കേസ് അംഗീകരിക്കില്ലെന്നും ജാമ്യമെടുക്കില്ലെന്നും ഗ്രോവാസു കോടതിയിൽ നിലപാടെടുത്തു. തുടർന്ന് കുന്ദമംഗലം കോടതി റിമാൻഡ് കാലാവധി നീട്ടുകയായിരുന്നു.
കുന്ദമംഗലം കോടതിയിൽ ഹാജരാക്കിയപ്പോൾ മജിസ്ട്രേറ്റ് സ്വന്തം ജാമ്യത്തിൽ വിട്ടെങ്കിലും രേഖകളിൽ ഒപ്പുവെക്കാനും കുറ്റം സമ്മതിക്കാനും ഗ്രോ വാസു തയ്യാറായില്ല. മുൻകാല സഹപ്രവർത്തകരായ മോയിൻ ബാപ്പു അടക്കമുള്ളവർ കോടതിയിൽ എത്തി ഗ്രോ വാസുവുമായി ചർച്ച നടത്തിയെങ്കിലും ഭരണകൂടത്തോടുള്ള പ്രതിഷേധമായതിനാൽ കോടതി രേഖകളിൽ ഒപ്പുവെക്കില്ലെന്ന നിലപാട് സ്വീകരിക്കുകയായിരുന്നു.

## ഓൾ ഇന്ത്യാ പെർമിറ്റ് ടൂറിസ്റ്റ് ബസിന്, അത് റൂട്ട് ബസ്സാക്കി ഓട്ടം വേണ്ട, പിടികൂടുമെന്ന് മന്ത്രി

ഓൾ ഇന്ത്യാപെർമിറ്റ് ദുരുപയോഗം ചെയ്ത് റൂട്ട്ബസായി ഓടുന്നത് തടയാൻ മോട്ടോർവാഹനവകുപ്പ് പ്രത്യേക പരിശോധന ആരംഭിച്ചു. രണ്ടുമാസത്തേക്ക് കർശന പരിശോധന നടത്താനും ക്രമക്കേടുള്ള വാഹനങ്ങൾക്കെതിരേ നടപടി എടുക്കാനും മന്ത്രി ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതല യോഗം തീരുമാനിച്ചു.
വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് കേന്ദ്രം നൽകുന്ന പെർമിറ്റ് ദുരുപയോഗം ചെയ്യാൻ അനുവദിക്കില്ല. വിനോദസഞ്ചാരികളെ ഒരു സംസ്ഥാനത്തുനിന്നും മറ്റു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകാനാണ് ഈ സംവിധാനം. പ്രത്യേകം ടിക്കറ്റ് നൽകി റൂട്ട് ബസുപോലെ ഓടിക്കാൻ അനുമതിയില്ല. യോഗത്തിൽ ഗതാഗത സെക്രട്ടറി ബിജു പ്രഭാകർ, ട്രാൻസ്പോർട്ട് കമ്മിഷണർ എസ്. ശ്രീജിത്ത്, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മിഷണർ പ്രമോജ് ശങ്കർ, നിയമ വിദഗ്ധർ, ഗതാഗത–മോട്ടോർ വാഹന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കിയാണ് ഓൾ ഇന്ത്യ ടൂറിസ്റ്റ് ബസ് പെർമറ്റുകൾ നൽകുന്നത്. ഈ വിജ്ഞാപനത്തിന്റെ പേരിൽ കോൺട്രാക്ട് കാര്യേജ് ബസുകൾ സ്റ്റേജ് കാര്യേജ് ബസുകളായി ഉപയോഗിക്കാൻ സാധിക്കില്ലെന്ന് മന്ത്രി വ്യക്തമാക്കി. മോട്ടോർ വാഹന നിയമമനുസരിച്ച് കോൺട്രാക്ട് കാര്യേജ്, സ്റ്റേജ് കാര്യേജ് എന്നീ രണ്ട് സർവീസ് ബസുകൾ മാത്രമാണുള്ളത്. ഇവയുടെ ഉപയോഗവും രണ്ട് രീതിയിലാണെന്ന് നിർവചിക്കുന്നുമുണ്ട്.

## 'ഗണേഷ് പീഡിപ്പിച്ചു, മുഖ്യനെ താഴെയിറക്കാൻ പേര് കൂട്ടിച്ചേർത്തു'; 21 പേജ് കത്ത് 4 പേജായി– ഫെനി

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കെതിരേ ഗുഢാലോചന നടന്നുവെന്ന് പരാതിക്കാരിയുടെ അഭിഭാഷകൻ ആയിരുന്ന ഫെനി ബാലകൃഷ്ണൻ. പരാതിക്കാരി നൽകിയത് കത്തല്ല കോടതിൽ നൽകാനുള്ള 21 പേജുള്ള പരാതിയുടെ ഡ്രാഫ്റ്റ് ആയിരുന്നുവെന്നും ഗണേഷ് കുമാർ എം.എൽ.എയുടെ നിർദേശപ്രകാരം അദ്ദേഹത്തിന്റെ പി.എ. പ്രദീപിന്റേയും ശരണ്യ മനോജിന്റെയും ഇടപെടലിൽ കത്ത് നാല് പേജായി ചുരുങ്ങിയെന്നും ഫെനി മാധ്യമങ്ങളോട് പറഞ്ഞു.
21 പേജുള്ള കത്ത് പത്തനംതിട്ട ജയിലിൽ നിന്ന് എടുത്തോണ്ട് വെളിയിൽ വന്നപ്പോൾ, പരാതിക്കാരിയുടെ നിർദേശ പ്രകാരം ഡ്രാഫ്റ്റ് ഗണേഷ് കുമാറിന്റെ പി.എ. ആയ പ്രദീപിനെ ഏൽപ്പിച്ചു. അയാളുടെ കാറിൽ തന്നെ ബാലകൃഷ്ണപിള്ളയുടെ ഓഫീസിൽ പോയി. മൂന്ന് മണിക്കൂറിന് ശേഷം എല്ലാം ഏർപ്പാടാക്കിയിട്ടുണ്ടെന്ന് പറഞ്ഞ് എന്നെ പറഞ്ഞുവിട്ടു. പരാതിക്കാരി ജയിലിൽ നിന്ന് ഇറങ്ങിയ ശേഷം ആറ് മാസത്തോളം ശരണ്യ മനോജിന്റെ വീട്ടിലായിരുന്നു താമസം. കത്തിൽ രണ്ടാം പേജിൽ ഗണേഷ് കുമാർ പരാതിക്കാരിയെ പീഡിപ്പിച്ചു എന്ന് ഉണ്ടായിരുന്നു. അത് ഒഴിവാക്കിപ്പിച്ചുവെന്നും ഫെനി ആരോപിച്ചു.




ഗണേഷ് കുമാറിന് മന്ത്രിയാകണം എന്നായിരുന്നു ആഗ്രഹം. ഇത് പരാജയപ്പെട്ടപ്പോഴാണ് ഞങ്ങളോട് പത്ര സമ്മേളനം വിളിക്കാൻ പറഞ്ഞത്. ശരണ്യ മനോജ് കത്ത് എഴുതി കൈയിൽ കൊണ്ടുവന്ന് തന്നു. കത്തിൽ ഉമ്മൻ ചാണ്ടിക്കെതിരേയും ജോസ് കെ മാണിക്കെതിരേയും ലൈംഗികാരോപണം ഉണ്ടായിരുന്നു. ഇത് ശരിയല്ലാല്ലോ എന്ന് പറഞ്ഞപ്പോൾ, 'ഗണേഷ് കുമാറിന്റെ നിർദേശ പ്രകാരമാണ്. അദ്ദേഹത്തിന് മന്ത്രിയാകാൻ പറ്റിയില്ല. മുഖ്യനെ താഴെയിറക്കണം' എന്നായിരുന്നു ശരണ്യ മനോജ് പറഞ്ഞത്. ആദ്യം ഉണ്ടായിരുന്ന ഡ്രാഫ്റ്റിനൊപ്പം ശരണ്യ മനോജ് തന്ന പേരുകളും ചേർത്ത് പത്ര സമ്മേളനം നടത്താൻ പറഞ്ഞു. തുടർന്ന് പരാതിക്കാരി തന്നെ കൈപ്പടയിൽ എഴുതുകയായിരുന്നു– ഫെനി പറഞ്ഞു.ദല്ലാൾ നന്ദകുമാറിനെ കൊണ്ടുവന്നത് ഗണേഷ് കുമാറിന്റെ നിർദേശ പ്രകാരം ശരണ്യ മനോജിന്റെ ഇടപെടലിൽ ആണ്. എല്ലാം ശരണ്യാ മനോജിന് അറിയാം. ഇതിന്റെ മുഖ്യ സൂത്രധാരൻ ശരണ്യ മനോജും ഗണേഷ് കുമാറിന്റെ പി.എ. ആയിരുന്ന പ്രദീപും ആണ്. എല്ലാം ഗണേഷ് കുമാറിന്റെ നിർദേശപ്രകാരമായിരുന്നു– ഫെനി ബാലകൃഷ്ണൻ ആരോപിച്ചു.



## നിപ: മുഖ്യമന്ത്രി ഉന്നതതല യോഗം വിളിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് നിപ വൈറസ് സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉന്നതതല യോഗം വിളിച്ചു. വൈകീട്ട് നാലരയ്ക്ക് ഓൺലൈൻ ആയിട്ടാണ് യോഗം. അഞ്ചു മന്ത്രിമാർ യോഗത്തിൽ സംബന്ധിക്കും.
നിപയുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ യോഗത്തിൽ മന്ത്രി വീണാ ജോർജ് വിശദീകരിക്കും. നിപയുടെ ഉറവിടം കണ്ടെത്തിയ കോഴിക്കോട്ടെ പഞ്ചായത്തുകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.
നിപ ചികിൽസയ്ക്കുള്ള മരുന്ന് വൈകുന്നേരത്തോടെ കോഴിക്കോട്ടേക്ക് എത്തിക്കുമെന്ന് മന്ത്രി വീണാ ജോർജ് നിയമസഭയിൽ അറിയിച്ചിരുന്നു. രോഗവ്യാപനത്തിന്റെ റൂട്ട് മാപ്പ് ഉടൻ പുറത്തിറക്കുമെന്നും മന്ത്രി പറഞ്ഞു. നിലവിൽ നാല് പേർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്.

# മൃഗങ്ങളുമായി ഇടപഴകുമ്പോഴും മാസ്ക് ധരിക്കണം; ജാഗ്രതാ നിർദ്ദേശം



തിരുവനന്തപുരം: സംസ്ഥാനത്ത് മൂന്നാമതും നാല് നിപ കേസുകൾ സ്ഥിരീകരിച്ചതോടെ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. കോഴിക്കോട് ജില്ലയിലെ ഏഴ് പഞ്ചായത്തുകളിലെ 43 വാർഡുകൾ കണ്ടെയ്ൻമെന്റ് സോണുകളാക്കി. സ്ഥിതി?ഗതികൾ വിലയിരുത്താനും വേണ്ട നിർദേശങ്ങൾ നൽകാനും മൂന്ന് കേന്ദ്രസംഘങ്ങൾ ഇന്ന് ജില്ലയിലെത്തും. പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള മൊബൈൽ പരിശോധനാ സംഘവും ഐസിഎംആർ സംഘവും കോഴിക്കോടെത്തും. പകർച്ചവ്യാധി പ്രതിരോധ വിദ്ഗ്ധരടങ്ങുന്ന മൂന്നാമത്തെ സംഘം ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകും.

### പൊതു ജനങ്ങൾക്കായുള്ള ആരോഗ്യ വകുപ്പിന്റെ ജാഗ്രതാ നിർദ്ദേശം

- നിലവിലെ സാഹചര്യത്തിൽ ശാന്തതയോടു കൂടി സാഹചര്യങ്ങൾ നേരിടണം. രോഗലക്ഷണങ്ങൾ ഉള്ളവർ കൺട്രോൾ റൂമുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പാലിക്കണം. സ്വയം വാഹനങ്ങളിൽ കയറി ചികിത്സയ്ക്കായും മറ്റ് ആവശ്യങ്ങൾക്കായും പോകരുത്.
- ലക്ഷണങ്ങൾ അനുഭവപ്പെടുന്നവർ സ്വയം ചികിത്സിക്കാതെ ആരോഗ്യ വിദഗ്ധരുടെ നിർദ്ദേശങ്ങൾ പാലിക്കണം.
- രോഗലക്ഷണങ്ങൾ ഉള്ളവർ മറ്റുള്ളവരുമായി അടുത്തിടപഴകാതിരിക്കാൻ ശ്രദ്ധിക്കണം.
- പക്ഷി മൃഗാദികളുടെ കടിയേറ്റതും പൊട്ടിയതും പോറലുള്ളതുമായ പഴങ്ങൾ, പച്ചക്കറികൾ എന്നിവ കഴിക്കരുത്.
- തുറന്നതും മൂടിവയ്ക്കാത്തതുമായ കലങ്ങളിൽ ശേഖരിച്ചിട്ടുള്ള കള്ളും മറ്റ് പാനീയങ്ങളും ഒഴിവാക്കണം.
-കിണർ തുടങ്ങിയ ജല സ്രോതസുകളിൽ വവ്വാലുകളുടെ കാഷ്ഠം, മൂത്രം, മറ്റ് ശരീര സ്രവങ്ങൾ എന്നിവ വീഴാതെ സുരക്ഷിതമായി സൂക്ഷിക്കണം.
- വളർത്തുമൃഗങ്ങളുടെ ശരീര സ്രവങ്ങൾ, വിസർജ്ജ്യ വസ്തുക്കൾ എന്നിവയുമായി സമ്പർക്കം ഉണ്ടാകാതെ സൂക്ഷിക്കണം.
- രോഗബാധിതരെ സുരക്ഷിത മാർഗ്ഗങ്ങൾ അവലംബിക്കാതെ സന്ദർശിക്കരുത്.
- സുരക്ഷിത മാർഗ്ഗങ്ങൾ ഇല്ലാതെ രോഗബാധിതരെ പരിചരിക്കരുത്.
- രോഗി ഉപയോഗിച്ച വസ്ത്രങ്ങളും സാധന സാമഗ്രികളും അലക്ഷ്യമായി കൈകാര്യം ചെയ്യരുത്.
- രോഗികളെ പരിചരിക്കുന്നവർ മാസ്ക്, ഗ്ലൗസ് എന്നിവ ഉപയോഗിക്കണം.
- ഇടയ്ക്ക് കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കന്റിനടുത്ത് നന്നായി കഴുകണം. ഇത് ലഭ്യമല്ലെങ്കിൽ സാനിറ്റൈസർ ഉപയോഗിച്ച് കൈ വൃത്തിയാക്കണം. രോഗിയിൽ നിന്നും 1 മീറ്റർ അകലം പാലിക്കണം
- മുയൽ, വവ്വാൽ, പന്നി മുതലായ മൃഗങ്ങളുമായി ഇടപഴകുമ്പോഴും എൻ 95 മാസ്ക് ഉപയോഗിക്കണം.
- രോഗി ഉപയോഗിക്കുന്ന വസ്തുക്കൾ വേർതിരിച്ചു സൂക്ഷിക്കുകയും വൃത്തിയാക്കുകയും ചെയ്യണം.
- ആരും പരിഭ്രാന്തരാകാതെ ജാഗ്രതയോടെ പ്രവർത്തിക്കണം.
- ജില്ലയിൽ കൺട്രോൾ സെൽ പ്രവർത്തനസജ്ജമായിട്ടുണ്ട്. പൊതു ജനങ്ങൾക്ക് സംശയദൂരീകരണത്തിനായി 0495 2383100 , 0495 2383101, 0495 2384100, 0495 2384101, 0495 2386100 എന്നീ കൺട്രോൾ സെൽ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

# മുതിർന്ന ബി.ജെ.പി നേതാവ് പി.പി.മുകുന്ദൻ അന്തരിച്ചു



കൊച്ചി: ബി.ജെ.പി മുതിർന്ന നേതാവ് പി.പി.മുകുന്ദൻ അന്തരിച്ചു. 77 വയസായിരുന്നു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലാണ് അന്ത്യം.

ശ്വാസകോശ സംബന്ധമായ അസുഖത്തെതുടർന്ന് ചികിത്സയിലായിരുന്നു. തിരുവന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന അദ്ദേഹത്തെ പിന്നീട് കൊച്ചിയിലേക്ക് മാറ്റുകയായിരുന്നു.

ബിജെപി മുൻ സംഘടനാ ജനറൽ സെക്രട്ടറിയായിരുന്നു.ബിജെപിയുടെ ദേശീയ എക്സിക്യൂട്ടീവ് കൗൺസിൽ മുൻ അംഗം ആണ്. ബി.ജെ.പിയുടെ വളർച്ചക്ക് വലിയ രീതിയിലുള്ള തുടക്കം കുറിച്ച് നേതാവാണ് പി.പി മുകുന്ദൻ. പാർട്ടിയിൽ തിരുത്തൽ ശക്തിയായി നിലകൊണ്ടിരുന്ന നേതാവ് കൂടിയായിരുന്നു അദ്ദേഹം. 1961 ലാണ് ആർ.എസ്.എസിലൂടെ ബി.ജെ.പിയിലൂടെ എത്തുന്നത്. പഠിക്കുന്ന കാലം മുതലേ സംഘ്പരിവാർ രാഷ്ട്രീയത്തോട് അടുപ്പം പുലർത്തിയിരുന്ന വ്യക്തിയായിരുന്നു.1980-1990 കാലഘട്ടത്തിൽ കേരളത്തിലെ ബിജെപിയുടെ പ്രധാന നേതാവായിരുന്നു. 2006 മുതൽ 2016 വരെ പത്ത് വർഷക്കാലത്തോളം മുഖ്യധാരാ രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്ന് മാറി നിന്നു.

പിന്നീട് 2021 ലാണ് മുകുന്ദൻ ബി.ജെ.പിയിലേക്ക് തിരികെ വരുന്നത്. അടിയന്തരാവസ്ഥക്കാലത്ത് 21 മാസം സെൻട്രൽ ജയിലിൽ കഴിഞ്ഞിട്ടുണ്ട്. അവിവാഹിതനാണ്.

# ഒ.ബി.സി. സംവരണം: മാഹിയിൽ വീടുവീടാന്തര സർവ്വേ തുടങ്ങി

മാഹി: കേന്ദ്ര ഭരണപ്രദേശമായ പുതുച്ചേരി സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള വീടുവീടാന്തര സർവ്വേ ഇന്ന് മുതൽ മാഹിയിൽ തുടക്കം കുറിക്കുമെന്ന് ഏകാംഗ കമ്മീഷൻ ചെയർമാൻ റിട്ട: ചെന്നൈ ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് കെ.കെ.ശശിധരൻ മാഹി ഗവ.ഹൗസിൽ നടന്ന സിറ്റിങ്ങിൽ അറിയിച്ചു. നഗരസഭ മുൻ കൗൺസിലർമാർ,.രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഒ.ബി.സി. അസോസിയേഷനുകൾ, ഗവേഷണ സ്ഥാപനങ്ങളുടെ വിവിധ പ്രതിനിധികൾ എന്നിവരുമായിട്ടാണ് കൂടികാഴ്ച്ച നടത്തിയത്. മാഹി മുനിസിപ്പാലിറ്റിയിലെ വാർഡ് അടിസ്ഥാനത്തിൽ വീടുവീടാന്തരം കയറി ഒ.ബി.സി വോട്ടർമാരുടെ കണക്കെടുപ്പ് അങ്കണവാടി ജീവനക്കാർ മുഖേനയാണ് കമ്മീഷൻ നടത്തുന്നത്. ഇന്ന് രാവിലെ 11 മണിക്ക് മാഹി മേഖലയിലെ വോട്ടർമാരുടെ വിവരങ്ങൾ അടങ്ങിയ ബുക്ക്ലെറ്റുകൾ മാഹി റീജ്യണൽ അഡ്മിനിസ്ട്രേറ്റർ ശിവരാജ് മീണയുടെ സാന്നിധ്യത്തിൽ രമേശ് പറമ്പത്ത് എം.എൽ.എ അംഗൻവാടി ജീവനക്കാർക്ക് നൽകി പ്രകാശനം ചെയ്യും. കമ്മിഷൻ ഇന്നു കൂടി മാഹിയിൽ ഉണ്ടായിരിക്കും. യോഗത്തിൽ രമേശ് പറമ്പത്ത് എം എൽ എ, ജസ്റ്റിസ് രാമഭദ്രൻ, റിജ്യണൽ അഡ്മിനിസ്ട്രേറ്റർ ശിവരാജ് മീണ, മുൻസിപ്പൽ കമ്മീഷണർ ഭാസ്ക്കർ സംസാരിച്ചു.



# പോലീസ് സ്റ്റേഷനിൽ ഇരിപ്പിടങ്ങളോടെ പൂന്തോട്ടമൊരുക്കി ജെസിഐ നാദാപുരം

നാദാപുരം: ജെസിഐ വാരാഘോഷത്തിന്റെയും മേഖലാ പ്രസിഡന്റിന്റെ വൺ ഫോർ എവർ പദ്ധതിയുടെയും ഭാഗമായി, പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങൾക്കായി പൂന്തോട്ടവും കോൺക്രീറ്റ് ഇരിപ്പിടങ്ങളുമൊരുക്കി ലോകത്തെ ഏറ്റവും വലിയ യുവജന സംഘടനയായ ജെസിഐ.ഇതിന്റെ പരിപാലനത്തിനും ജെസിഐ സന്നദ്ധമാണെന്ന് അധികാരികളെ അറിയിച്ചിട്ടുണ്ട്. ഡിവൈഎസ്പി ലതീഷ്, സർക്കിൾ ഇൻസ്പെക്ടർ ഫായിസ് അലി എന്നിവരുടെ മാർഗ്ഗ നിർദേശങ്ങളോടെയാണ് സ്റ്റേഷനിൽ പൊതുജനങ്ങൾക്കായി സ്ഥിരം സംവിധാനമൊരുക്കിയത്. പേരോട് പാർക്കോ ലൈറ്റ്സിന്റെ സഹായത്തോടെ കോൺക്രീറ്റ് ബെഞ്ചുകളും കുമ്മങ്കോട് എക്കോ ഗാർഡനിന്റെ സഹായത്തോടെ പൂന്തോട്ടവും ഒരുക്കി.ജെസിഐ വാരാഘോഷത്തിന്റെ മൂന്നാം ദിനത്തിലാണ് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾ അടങ്ങുന്ന സോൺ 21 പ്രസിഡന്റ് സെനറ്റർ പ്രജിത്ത് വിശ്വനാഥനും സിഐ ഫായിസ് അലിയും ചേർന്ന് പൂന്തോട്ടം നാടിന് സമർപ്പിച്ചത്.

ജെസിഐ നാദാപുരം പ്രസിഡന്റ് സെനറ്റർ ഷൗക്കത്ത് അലി എരോത്ത് അദ്ധ്യക്ഷത വഹിച്ചു. മേഖല 21 പ്രസിഡന്റ് സെനറ്റർ പ്രജിത്ത് വിശ്വനാഥൻ ഉദ്ഘാടനം നിർവ്വഹിച്ചു. സർക്കിൾ ഇൻസ്പെക്ടർ ഫായിസ് അലി മുഖ്യാതിഥിയായിരുന്നു.ചടങ്ങിൽ പ്രയോജകരായ പാർക്കോ ലൈറ്റ്സിന്റെ പാർട്ണർമാരായ അബ്ദുൽ അസീസ് എകെ, നിയാസ് യൂസഫ് പി എന്നിവരെയും എക്കോ ഗാർഡൻ എംഡി സജീഷിനെയും ആദരിച്ചു. ജെസിഐ മേഖല വൈസ് പ്രസിഡന്റ് അൻവർ സിപി, സോൺ ഡയറക്ടർ ജിനേഷ് ഭാസ്കർ, ഓഫീസർ ഇൻചാർജ് അരുൺ ഇ.വി, വാരാഘോഷം കോർഡിനേറ്റർ സലൂജ അഫ്സൽ, പ്രോഗ്രാം ഡയറക്ടർ നജീബ് നൂർമഹൽ, നുസൈബത്ത് നിസാർ എന്നിവർ സംസാരിച്ചു.വൈകിട്ട് നാദാപുരത്ത് നടന്ന ട്രാഫിക് ബോധവൽക്കരണ ക്ലാസ് സിവിൽ പോലീസ് ഓഫീസർ ബിജു കെ.കെ നയിച്ചു.

# ഒന്നര മാസം പ്രായമുള്ള കുഞ്ഞിനെ ചെളിയിൽ മുക്കിക്കൊന്ന കേസിൽ അമ്മ കസ്റ്റഡിയിൽ

കാസർകോട്: ഒന്നര മാസം പ്രായമുള്ള കുഞ്ഞിനെ ചെളിയിൽ മുക്കിക്കൊന്ന കേസിൽ അമ്മയെ പൊലീസ് കസ്റ്റഡിയിലെടുത്തു.

ഉപ്പള പച്ചിലമ്പാറ കോളനിയിൽ താമസിക്കുന്ന സത്യനാരായണന്റെ ഭാര്യ സുമംഗലിയെയാണ് പൊലീസ് കസ്റ്റഡിയിലെടുത്ത്. ഇന്നലെ ഉച്ചയ്ക്കാണ് ഇവരുടെ കുഞ്ഞിനെ ചെളിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. കാസർകോട് ഉപ്പള പച്ചിലമ്പാറ കോളനിയിൽ താമസിക്കുന്ന സുമംഗലി ഭർത്താവ് സത്യനാരായണനോട് പിണങ്ങി ഇന്നലെ ഉച്ചയോടെയാണ് കുഞ്ഞിനെയും എടുത്ത് വീടുവിട്ടത്. പിന്നീട് ഇവരെ കണ്ടെത്താനായി വീട്ടുകാർ തിരച്ചിൽ നടത്തുന്നതിനിടെ സുമംഗലിയെ കണ്ടെത്തി. മുളിഞ്ച വയലിന് സമീപത്ത് കുഞ്ഞിനെ ചെളിയിൽ എറിഞ്ഞ് കൊന്നതായി സുമംഗലി വീട്ടുകാരോട് പറഞ്ഞു. വീട്ടുകാർ നടത്തിയ തിരച്ചിൽ കുഞ്ഞിനെ കണ്ടെത്തുകയായിരുന്നു. ഉടൻ തന്നെ മംഗൽപാടി താലൂക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മഞ്ചേശ്വരം സിഐ ടിപി രജീഷിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം വീട്ടിലെത്തി യുവതിയെ കസ്റ്റഡിയിലെടുത്തു. യുവതിക്ക് മാനസിക പ്രശനങ്ങൾ ഉണ്ടോയെന്നതടക്കം പൊലീസ് പരിശോധിക്കുന്നുണ്ട്.

സത്യനാരായണനും ഭാര്യ സുമംഗലിയും സ്ഥിരമായി വഴക്കിടാറുണ്ടെന്നാണ് പരിസരവാസികൾ പറയുന്നത്.

# 'കള്ളക്കേസുണ്ടാക്കി ക്രൂരമായി മർദിച്ചു, മുളക് തേച്ചു; താനൂർ പൊലീസിനും ഡാൻസാഫ് സംഘത്തിനുമെതിരെ ഗുരുതര ആരോപണവുമായി യുവാവ്

മലപ്പുറം: കസ്റ്റഡി കൊലപാതക കേസിൽ വിവാദത്തിലായ മലപ്പുറം താനൂർ പൊലീസിനെതിരെയും ഡാൻസാഫ് സംഘത്തിന് എതിരെയും ഗുരുതര ആരോപണവുമായി യുവാവ് രംഗത്ത്. കഞ്ചാവ് വിൽപ്പന നടത്തിയെന്ന് കള്ളക്കേസുണ്ടാക്കി ക്രൂരമായി മർദിച്ചെന്നും പണം തട്ടിയെടുക്കാനും ശ്രമിച്ചെന്നുമാണ് പരാതി. പരാതിയിൽ പുനരന്വേഷണത്തിന് മലപ്പുറം എസ്.പിക്ക് ഹൈക്കോടതി നിർദേശം നൽകിയെങ്കിലും അന്വേഷണം പൂർത്തികരിച്ചിട്ടില്ല.

2016 നവംബർ 23 ന് രാത്രിയാണ് സിപിഐ പ്രവർത്തകനായ ഷിഹാബുദ്ദീനെയും സുഹൃത്തിനെയും താനൂർ പൊലീസ് കസ്റ്റഡിയിലെടുത്തത്. പൊലീസ് കസ്റ്റഡിയിലുള്ള സമയത്താണ് ഷിഹാബ് ദേവദാർ സ്കൂളിന് സമീപത്ത് കഞ്ചാവ് വിൽപ്പന നടത്തിയെന്ന് കാണിച്ചാണ് പൊലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത്. നേരത്തെ പൊലീസിനെതിരെ വിവരവകാശം നൽകിയതാണ് വൈരാഗ്യത്തിന് കാരണമെന്ന് ഷിഹാബുദ്ദീൻ പറയുന്നു.

ഷിഹാബിന്റെ കൈവശം ഉണ്ടായിരുന്ന 56,000 രൂപ തട്ടിയെടുക്കാൻ ശ്രമം നടത്തി. ഷിഹാബിന്റെയും സുഹ ത്തിന്റെയും കൈയിൽ നിന്നും 1650 രൂപയാണ് ലഭിച്ചതെന്ന് എഫ്. ഐ.ആറിൽ രേഖപെടുത്തി. സിപിഐ ജില്ലാ നേതാക്കൾ ഇടപെട്ടതോടെ 50000 രൂപ തിരികെ നൽകി.താമിർ ജിഫ്രിയെ കൊലപെടുത്തിയ കേസിലെ പ്രതിയായ ഡാൻസാഫ് ഉദ്യോഗസ്ഥൻ ആൽബിനും ഷിഹാബിനെ മർദിച്ചിട്ടുണ്ട്. ഡാൻ സാഫ് ഉദ്യോഗസ്ഥർ ഷിഹാബിന്റെ ബന്ധുവീടുകളിൽ കയറി പല തവണ ഭീഷണിപ്പെടുത്തിയതായും പരാതിയുണ്ട്. സംഭവത്തെ കുറിച്ച് സമഗ്ര അന്വേഷണം നടത്താൻ മലപ്പുറം എസ്.പക്ക് ഹൈക്കോടതി നിർദേശം നൽകിയെങ്കിലും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. മലപ്പുറം എസ്.പി സുജിത്ത് ദാസ് പരിശീലനത്തിന് പോയതിനാൽ നിലവിൽ അന്വേഷണം നടക്കുന്നില്ല.

അതേസമയം, താനൂർ കസ്റ്റഡി കൊലപാതകത്തിൽ പ്രതികളായ ഡാൻസാ ഫ് ഉദ്യോഗസ്ഥർ സമർപ്പിച്ച മുൻകൂർ ജാമ്യപേക്ഷ കോടതി ഇന്ന് പരിഗണിക്കും. മഞ്ചേരി ജില്ലാ കോടതിയാണ് ഹരജി പരിഗണിക്കുക. ഒന്നാം പ്രതി ജിനേഷ് , രണ്ടാം പ്രതി ആൽബിൻ അഗസ്റ്റിൻ , മൂന്നാം പ്രതി അഭിമന്യൂ , നാലാം പ്രതി വിപിൻ എന്നിവരാണ് മുൻകൂർ ജാമ്യത്തിനായി അപേക്ഷ നൽകിയത്. മുഴുവൻ പ്രതികളും ഒളിവിലാണ്. ആൽബിൻ അഗസ്റ്റിൻ , വിപിൻ എന്നിവർ വിദേശത്തേക്ക് കടന്നതായും സൂചനയുണ്ട്.

# ജൈവപച്ചക്കറിയിലും കീടനാശിനിക്ക് കുറവില്ല, പഴവർഗങ്ങളിലും സുഗന്ധവ്യഞ്ജനങ്ങളിലും സാന്നിധ്യം

തിരുവനന്തപുരം: സംസ്ഥാനത്തു ജൈവപച്ചക്കറി എന്ന പേരിൽ വിൽക്കുന്നവയിൽ കീടനാശിനി സാന്നിധ്യമെന്ന് റിപ്പോർട്ട്. നിയമസഭാ സമിതിയുടെ റിപ്പോർട്ടിലാണ് കീടനാശിനി സാന്നിധ്യമുണ്ടെന്ന് വെളിപ്പെടുത്തിയത്. ജൈവപച്ചക്കറി, ഇക്കോഷോപ്പ് എന്നിവിടങ്ങളിൽനിന്നു ശേഖരിച്ച സാംപിളുകളിൽ കീടനാശിനി സ്ഥിരീകരിച്ചു. ഇവയിൽ യഥാക്രമം 21.73%, 48.21% എന്നിങ്ങനെ കീടനാശിനി കണ്ടെത്തി. കേരള സർവകലാശാല 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ നടത്തിയ കീടനാശിനി പരിശോധനയിലെ കണ്ടെത്തലാണ് റിപ്പോർട്ടിൽ തെളിവായി സമർപ്പിച്ചത്. വിവിധ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച സാംപിളുകളിൽ 35.64 ശതമാനത്തിൽ കീടനാശിനി സാന്നിധ്യം കണ്ടെത്തി. 32.31% പച്ചക്കറികളിലും 44.82% പഴവർഗങ്ങളിലും 66.67% സുഗന്ധവ്യഞ്ജനങ്ങളിലും 14.28% മറ്റു ഭക്ഷ്യവസ്തുക്കളിലുമാണിത്. പച്ചച്ചീര, ബജി മുളക്, കാപ്സിക്കം (ചുവപ്പ്, മഞ്ഞ), വെണ്ടയ്ക്ക, കോവയ്ക്ക, പാലക് ചീര, ഉലുവയില, സാലഡ് വെള്ളരി, പടവലം, പയർ, ആപ്പിൾ (പച്ച), മുന്തിരി (കുരു ഇല്ലാത്തത്കറുപ്പ്, പച്ച), തണ്ണിമത്തൻ (കിരൺ), ഏലയ്ക്ക, മുളകുപൊടി, മല്ലിപ്പൊടി, ജീരകം, കശ്മീരി മുളക്, കസൂരിമേത്തി തുടങ്ങി പൊതുവിപണിയിൽ നിന്നു ശേഖരിച്ച സാംപിളുകളിലെല്ലാം കീടനാശിനി സ്ഥിരീകരിച്ചുകുതിവേവിച്ചു വിൽക്കുന്ന ചപ്പാത്തി, പൊറോട്ട തുടങ്ങിയവയിൽ രാസവസ്തുക്കൾ ചേർക്കുന്നതു മാനദണ്ഡപ്രകാരമാണോ എന്ന് പരിശോധിക്കണമെന്നും സമിതി ശുപാർശ ചെയ്തു. ഹയർ സെക്കൻഡറി സ്കൂളുകളിലെ ലാബുകളിൽ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കണം, പ്രധാന ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധനയ്ക്കു സ്ഥിരം സംവിധാനം വേണം, ഭക്ഷ്യസംരംഭങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളികൾക്കും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കണം, മയൊണൈസിൽ പച്ചമുട്ടയ്ക്കു പകരം പാസ്ചറൈസ്ഡ് മുട്ട ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കണം, ഹോട്ടൽ മേഖലയിൽ ജോലി ചെയ്യുന്ന അതിഥിതൊഴിലാളികളെ അവരുടെ ഭാഷയിൽ ബോധവൽക്കരണം നടത്തണം, ഇറച്ചിയിലെ ആന്റിബയോട്ടിക്, സ്റ്റിറോയ്ഡ് എന്നിവയുടെ സാന്നിധ്യം കണ്ടെത്താൻ നിരന്തരം പരിശോധിക്കണം, ഭക്ഷ്യസുരക്ഷാ കേസുകൾ തീർപ്പാക്കാൻ വൈകുന്നതിന്റെ കാരണം കണ്ടെത്തി പരിഹരിക്കണം എന്നിവയാണ് മറ്റ് ശുപാർശകൾ.

# മോഷണ മൊബൈൽ വിൽപ്പന: ആലുവ പീഡനക്കേസ് പ്രതിയുടെ സുഹൃത്തുക്കൾ അറസ്റ്റിൽ

കൊച്ചി: ആലുവ പീഡനക്കേസിലെ പ്രതി ക്രിസ്റ്റൽ രാജ് മോഷ്ടിച്ച മൊബൈൽ ഫോണുകൾ വിറ്റിരുന്ന സംഘം അറസ്റ്റിൽ.

പശ്ചിമ ബംഗാൾ മുർശിദാബാദ് സ്വദേശികളായ മുസ്തക്കിൻ മൊല്ല (31), ലാൽ മുഹമ്മദ് മണ്ഡൽ (36), നോയിഡ സ്വദേശി ബിലാൽ ബിശ്വാസ് (41) എന്നിവരെയാണ് ആലുവ പൊലീസ് അറസ്റ്റ് ചെയ്തത്. ആലുവ എടയപ്പുറത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിലെ പ്രതിയായ ക്രിസ്റ്റൽ രാജിന്റെ സുഹൃത്തുക്കളാണിവർ. ഇയാൾ മോഷ്ടിക്കുന്ന മൊബൈൽ ഫോണുകൾ ഇവർക്കാണ് കൈമാറുന്നത്. തുടർന്ന് ഇവർ തൊഴിലാളികൾക്ക് വിൽക്കുകയാണ് ചെയ്യുന്നത്.

മുസ്തക്കിൻ മൊല്ലയും, ബിലാൽ വിശ്വാസും എടയപ്പുറത്താണ് താമസിക്കുന്നത്. മോഷണം നടത്തിയ ഫോൺ പ്രതികളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

പ്രത്യേക അന്വേഷണ സംഘത്തിൽ ഡി.വൈ.എസ്.പി പി.പ്രസാദ്, ഇൻസ്പെക്ടർമാരായ എം.എം മഞ്ജുദാസ്, ആർ.രഞ്ജിത്ത്, എസ്.ഐമാരായ റിൻസ്. എം തോമസ്, എസ്.എസ് ശ്രീലാൽ സി.പി.ഒമാരായ മാഹിൻ ഷാ അബൂബക്കർ, മുഹമ്മദ് അമീർ, കെ.എം മനോജ്, അബ്ദുൽ മനാഫ് തുടങ്ങിയവരാണ് ഉണ്ടായിരുന്നത്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# തൃശൂർ എടുക്കുമെന്നല്ല, നിങ്ങൾ തന്നാൽ ഞാൻ സ്വീകരിക്കുമെന്നാണ് പറഞ്ഞത്: സുരേഷ് ഗോപി

തൃശൂർ: തൃശൂർ എടുക്കുമെന്നല്ല, നിങ്ങൾ തന്നാൽ ഞാൻ സ്വീകരിക്കുമെന്നാണ് താൻ പറഞ്ഞതെന്ന് നടൻ സുരേഷ് ഗോപി. ടാസ് നാടകോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സ്വാഗത പ്രാസംഗികൻ സുരേഷ് ഗോപിയുടെ പഴയ പ്രസംഗത്തെപ്പറ്റി പരാമർശിച്ചപ്പോഴാണ് ഉദ്ഘാടകനായ സുരേഷ് ഗോപിയുടെ വിശദീകരണം. 'തൃശൂർ നിങ്ങൾ തരികയാണെങ്കിൽ തൃശൂരിനെ ഇഷ്ടപ്പെടുന്ന താൻ അത് എടുക്കുമെന്നാ'ണ് ഉദ്ദേശിച്ചതെന്നും സുരേഷ് ഗോപി വ്യക്തമാക്കി. തൃശൂർ ഞാനിങ്ങ് എടുക്കുവാ.. തൃശൂർ നിങ്ങൾ എനിക്ക് തരണം.. ' ഏറെ ചർച്ച ചെയ്യപ്പെട്ട സുരേഷ് ഗോപിയുടെ വാക്കുകളാണിത്. ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി തൃശൂരിൽ എത്തിയപ്പോഴായിരുന്നു സുരേഷ് ഗോപി ഇങ്ങനെ പറഞ്ഞത്.

നാടകങ്ങളിൽ രാഷ്ട്രീയം കുത്തിനിറയ്ക്കാൻ ശ്രമിച്ച് അതിന്റെ കാമ്പ് നഷ്ടപ്പെടുത്തുകയാണെന്നും രാഷ്ട്രീയത്തള്ള് ഉത്സവങ്ങളായി നാടകങ്ങൾ മാറുമ്പോഴാണ് പ്രേക്ഷകർ നാടകങ്ങളിൽ നിന്നും അകലുന്നതെന്ന് ചിന്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

നാടകങ്ങളിൽ ദൈവങ്ങളെ വിമർശിക്കുന്നത് വേദനിപ്പിച്ചിരുന്നില്ല. എന്നാൽ പ്രത്യേക ലക്ഷ്യത്തോടെ ദൈവങ്ങളെ കുറ്റം പറയുന്നത് സഹിക്കാനാകില്ല. വിശ്വാസികൾ തുമ്മിയാൽ പിടിച്ചു നിൽക്കാനാകില്ലെന്ന് ഓർമ്മയിരിക്കട്ടെയെന്നും സുരേഷ് ഗോപി പറഞ്ഞു. സിനിമയെക്കാൾ നാടകത്തിനാണ് സ്വാധീനശേഷിയെന്നും 14 ജില്ലകളിലും നാടകങ്ങളും വിതരണക്കമ്പനികളും ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

കോട്ടയം ദൃശ്യവേദിയുടെ 'നേരിൻറെ കാവലാൾ' എന്ന നാടകത്തിന്റെ അവതരണത്തോടെയാണ് 27-ാമത് ടാസ് നാടകോത്സവത്തിന് തുടക്കമായത്.

# കാലിക്കറ്റ് ഗേൾസിൽ മില്ലറ്റ് മേള സംഘടിപ്പിച്ചു

കോഴിക്കോട്: ഇൻറർനാഷണൽ മില്ലറ്റ് വർഷത്തോടനുബന്ധിച്ച് മില്ലറ്റിന്റെ(ചെറുധാന്യത്തിൻറെ) പ്രാധാന്യം ജനങ്ങളിലെത്തിക്കാനായി കാലിക്കറ്റ് ഗേൾസ് ഹൈസ്കൂളിൽ മില്ലറ്റ് മേള നടത്തി.പ്രിൻസിപ്പൽ അബ്ദു എം ഉദ്ഘാടനം ചെയ്തു.

ചടങ്ങിന് പി.ടി.എ പ്രസിഡണ്ട് എ.ടി. അബ്ദുൽ നാസർ എൻ.എസ്.എസ് ജില്ലാകൺവീനർ ഫൈസൽ എം.കെ, നസീമ,മുഹമ്മദ്, മുനീർ, ഇസ്ഹാഖ് .കെ.വി, ഷഹീന.ഇ.കെ, സ്വാബിർ എന്നിവർ ആശംസകളർപ്പിച്ചു.

വളണ്ടിയർ റമീഷ മില്ലറ്റുകളുടെ പോഷക ഗുണങ്ങളെപ്പറ്റിയും ആരോഗ്യ സംരക്ഷണത്തിൽ ഇവ വഹിക്കുന്ന പങ്കിനെപ്പറ്റിയും വിശദീകരിച്ചു.രോഗങ്ങളെ അകറ്റിനിർത്താൻ ഇവയുടെ സ്ഥിരമായ ഉപയോഗം കൊണ്ട് സാധിക്കുമെന്ന് പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടതാണെന്ന് റമീഷ വിശദീകരിച്ചു .തിന,കുതിരവാലി,റാഗി,ചാമ,വരക് തുടങ്ങിയ മില്ലറ്റുകളുടെയും ഇവ കൊണ്ടുണ്ടാക്കിയ കേക്ക്,പുഡ്ഡിംഗ്,ഫ്രൈഡ് റൈസ് ,നൂഡിൽസ്,പുട്ട്,ദോശ ,സാലഡ്,സ്മൂത്തി, പായസം, ജ്യൂസ് തുടങ്ങിയവയുടെ പ്രദർശനവും വിൽപനയും നടന്നു.

# സനാതന ധർമ്മ പരാമർശം; ഉദയനിധിക്കെതിരെ കേസെടുത്ത് മഹാരാഷ്ട്ര പൊലിസ്

മുംബൈ: സനാതന ധർമ്മ പരാമർശത്തിൽ തമിഴ്നാട് മന്ത്രിയും ഡി.എം.കെ നേതാവുമായ ഉദയനിധി സ്റ്റാലിനെതിരെ വീണ്ടും കേസ്. മഹാരാഷ്ട്രയിലെ മീരാ റോഡ് പൊലീസാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തത്.

മതവികാരം വ്രണപ്പെടുത്തൽ, മതസ്പർധ വളർത്താൻ ശ്രമം എന്നീ വകുപ്പുകളാണ് ഉദയനിധിക്കെതിരെ ചുമത്തിയിരിക്കുന്നത്.

സനാതന ധർമ്മത്തിനെതിരെ നടത്തിയ പരാമർശത്തിന് ഉദയനിധി സ്റ്റാലിനെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാട്ടിലെ ബി.ജെ.പി പ്രതിനിധി സംഘം ചൊവ്വാഴ്ച സംസ്ഥാന പൊലീസിന് മെമ്മോറാണ്ടം കൈമാറി.



തമിഴ്നാട് പ്രോഗ്രസീവ് റൈറ്റേഴ്സ് ആർടിസ്റ്റ് അസോസിയേഷൻ സമ്മേളനത്തിലാണ് സനാതന ധർമത്തെ ഡെങ്കിപ്പനി, മലേറിയ തുടങ്ങിയ രോഗങ്ങളുമായി സ്റ്റാലിൻ താരതമ്യം ചെയ്തത്. സനാതന ധർമ്മം സാമൂഹിക നീതിക്കും സമത്വത്തിനും എതിരാണെന്നും ഉദയനിധി പറഞ്ഞിരുന്നു.'ചില കാര്യങ്ങൾ എതിർക്കാൻ കഴിയില്ല, അത് ഇല്ലാതാക്കണം. ഡെങ്കി, കൊതുകുകൾ, മലേറിയ, കൊറോണ എന്നിവയെ നമുക്ക് എതിർക്കാൻ കഴിയില്ല. നമ്മൾ ഇത് ഉന്മൂലനം ചെയ്യണം. അങ്ങനെയാണ് സനാതനയെ ഉന്മൂലനം ചെയ്യേണ്ടത്,' എന്നാണ് അദ്ദേഹം പറഞ്ഞത്. ഉദയനിധിയുടെ പ്രസ്താവന വലിയ വിവാദങ്ങൾക്കാണ് വഴിതെളിച്ചത്. ബി.ജെ.പി അടക്കമുള്ളവർ ഇതിനെതിരെ രംഗത്തെത്തുകയും ചെയ്തു.

വംശീയ ഉൻമൂലനത്തിനുള്ള ആഹ്വാനമാണ് ഉദയനിധി നടത്തിയതെന്നായിരുന്നു ബി.ജെ.പിയുടെ ആരോപണം. സുപ്രിംകോടതി അഭിഭാഷകൻ വിനീത് ജിൻഡാലിന്റെ പരാതിയിൽ ഡൽഹി പൊലീസ് ഉദയനിധിക്കെതിരെ കേസെടുത്തിരുന്നു. സമാന വിഷയത്തിൽ യുപി പൊലീസും കേസെടുത്തിട്ടുണ്ട്.

# ഉത്തരാഖണ്ഡിലെ മദ്രസകളിൽ സംസ്കൃതം പഠിപ്പിക്കും; നടപടിയുമായി വഖഫ് ബോർഡ്

ഡെറാഡൂൺ: മദ്രസകളിൽ സംസ്കൃതം പഠിപ്പിക്കാൻ നീക്കവുമായി ഉത്തരാഖണ്ഡ് വഖഫ് ബോർഡ്. എൻ.സി.ഇ.ആർ.ടി പാഠ്യപദ്ധതിയും മദ്രസകളിൽ നടപ്പാക്കുമെന്നും വഖഫ് ബോർഡ് ചെയർമാൻ ഷാദാബ് ഷംസ് പ്രഖ്യാപിച്ചു. ദേശീയ മാധ്യമമായ 'ആജ് തകി'നു നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. സംസ്ഥാനത്തെ ബി.ജെ.പി നേതാവ് കൂടിയാണ് ഷാദാബ്.

ഉത്തരാഖണ്ഡിലെ 117 മദ്രസകളിലാണു മറ്റു വിഷയങ്ങൾക്കൊപ്പം സംസ്കൃതവും പഠിപ്പിക്കുക. ദേവഭൂമിയായ ഉത്തരാഖണ്ഡിലല്ലെങ്കിൽ പിന്നെ എവിടെയാണ് സംസ്കൃതം പഠിപ്പിക്കുകയെന്ന് ഷാദാബ് ചോദിച്ചു. മദ്രസകളിൽ



മാറ്റങ്ങളുണ്ടാകണമെന്ന അഭിപ്രായമുള്ളവരാണ് മുസ്‌ലിം സമുദായം. മാറ്റങ്ങളോടെല്ലാം അവർ സന്തോഷത്തോടെയാണു പ്രതികരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

സംസ്കൃതത്തിൽ ഗവേഷണം നടത്തുന്ന റസിയ സുൽത്താന എന്ന മുസ്‌ലിം വിദ്യാർത്ഥിനിയുടെ അനുഭവം വിവരിച്ചായിരുന്നു വഖഫ് ബോർഡ് ചെയർമാൻ സംസ്കൃത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു സംസാരിച്ചത്. ഖുർആൻ സംസ്കൃതത്തിലേക്കു പരിഭാഷപ്പെടുത്താനുള്ള ശ്രമത്തിലാണ് റസിയ. ഇവരെ വഖഫ് ബോർഡിന്റെ വിദ്യാഭ്യാസ സമിതി അംഗമാക്കാനും ആലോചിക്കുന്നുണ്ടെന്ന് ഷാദാബ് ഷംസ് വെളിപ്പെടുത്തി.വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത മദ്രസകൾ ആധുനികവൽക്കരിക്കുമെന്നും അദ്ദേഹം അറിയിച്ചു. വിദ്യാർത്ഥികൾക്ക് കംപ്യൂട്ടറുകളും ടാബ്ലെറ്റുകളും നൽകും. ഐ.ടി വിദ്യാഭ്യാസവും നൽകുമെന്നും ചെയർമാൻ കൂട്ടിച്ചേർത്തു.മദ്രസകളിൽ സംസ്കൃതം പഠിപ്പിക്കണമെന്ന ആവശ്യവുമായി മദ്രസ വെൽഫെയർ സൊസൈറ്റി(എം.ഡബ്ല്യു.എസ്) നേരത്തെ രംഗത്തെത്തിയിരുന്നു. ആറു വർഷംമുൻപ് അന്നത്തെ ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയായിരുന്ന ത്രിവേന്ദ്ര സിങ് റാവത്തിന് ഇതേ ആവശ്യവുമായി എം.ഡബ്ല്യു.എസ് കത്തുനൽകുകയും ചെയ്തിരുന്നു. എന്നാൽ, ഇത് അപ്രായോഗികമാണെന്നു പറഞ്ഞ് തള്ളിക്കളയുകയാണ് റാവത്ത് ചെയ്തത്.

## സ്കൂൾ ബാഗ് കേടുവരുത്തി; പത്താം ക്ലാസ് വിദ്യാർഥി സഹപാഠിയുടെ ദേഹത്ത് പെട്രോളൊഴിച്ചു തീകൊളുത്തി

അലിഗഡ്: ഉത്തർപ്രദേശിലെ അലിഗഡിൽ സഹപാഠിയെ പെട്രോൾ ഒഴിച്ച് കത്തിച്ചതിന് പത്താം ക്ലാസ് വിദ്യാർഥിക്കെതിരെ കേസെടുത്തു. ചൊവ്വാഴ്ചയാണ് സംഭവം.സ്കൂൾ ബാഗ് കേടുവരുത്തിയതിനെ ചൊല്ലിയുണ്ടായ തർക്കമാണ് ഇത്തരമൊരു ക്രൂരകൃത്യം ചെയ്യാൻ വിദ്യാർഥിയെ പ്രേരിപ്പിച്ചത്.പരിക്കേറ്റ വിദ്യാർഥിയെ എഎംയു ജെഎൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.25 ശതമാനത്തോളം പൊള്ളലേറ്റ കുട്ടിയുടെ നില തൃപ്തികരമാണെന്നാണ് റിപ്പോർട്ട്. കുട്ടിയുടെ മാതാപിതാക്കൾ സിവിൽ ലൈൻ പൊലീസിനെ സമീപിക്കുകയും ഒളിവിൽ പോയ പ്രതിക്കെതിരെ പൊലീസ് എഫ്ഐആർ ഫയൽ ചെയ്യുകയും ചെയ്തു."അലിഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റി കീഴിലുള്ള ചെയ്തിരിക്കുന്ന രാജ മഹേന്ദ്ര പ്രതാപ് സിംഗ് എഎംയു സിറ്റി സ്കൂളിൽ ചൊവ്വാഴ്ചയാണ് സംഭവം. അവരിൽ ഒരാളുടെ ബാഗ് മറ്റേയാൾ കേടുവരുത്തിയതിനെ തുടർന്ന് രണ്ട് സഹപാഠികളും തമ്മിൽ തർക്കമുണ്ടായി."എഎംയു പ്രോക്ടർ മുഹമ്മദ് വസീം അലി പറഞ്ഞു." കേടായ കുട്ടി കാമ്പസിൽ പാർക്ക് ചെയ്തിരുന്ന മോട്ടോർ സൈക്കിളിൽ നിന്ന് പെട്രോൾ കൊണ്ടുവന്ന് സഹപാഠിയുടെ മേൽ ഒഴിച്ച് തീകൊളുത്തുകയായിരുന്നു. സംഭവം സ്കൂൾ കാമ്പസിൽ പരിഭ്രാന്തി സൃഷ്ടിച്ചു," അദ്ദേഹം കൂട്ടിച്ചേർത്തു.

# രാജസ്ഥാനിൽ ട്രെയിലർ ബസിലിടിച്ച് അപകടം; 11 മരണം

ജയ്പൂർ: രാജസ്ഥാനിലെ ഭരത്പൂർ വാഹനാപകടത്തിൽ 11 മരണം. 12 പേർക്ക് പരിക്ക് . ജയ്പൂർ-ആഗ്ര ഹൈവേയിൽ ട്രെയിലർ ബസിലിടിച്ചാണ് അപകടം.

ഗുജറാത്തിൽ നിന്ന് മഥുരയിലേക്ക് പോവുകയായിരുന്ന പാസഞ്ചർ ബസ് ബ്രേക്ക് ഡൗണായതിനെ തുടർന്ന് ഹൈവേയിൽ നിർത്തിയിട്ടിരിക്കുകയായിരുന്നു. ഈ സമയം അമിതവേഗതയിലെത്തിയ ട്രക്ക് ബസിൽ ഇടിച്ചാണ് അപകടമുണ്ടായത്. മൃതദേഹങ്ങൾ ആശുപത്രിയിലേക്ക് മാറ്റിയതായി ഭരത്പൂർ എസ്പി മൃദുൽ കച്ചവ പറഞ്ഞു.

മറ്റൊരു അപകടത്തിൽ ചൊവ്വാഴ്ച രാജസ്ഥാനിലെ ഹനുമാൻഗഢ് ജില്ലയിൽ ജീപ്പ് ബസുമായി കൂട്ടിയിടിച്ച് നാല് പേർ മരിച്ചു.

ഹനുമാൻഗഢ് ടൗൺ പൊലീസ് സ്റ്റേഷൻ പരിധിയിലെ ലഖോവാലിക്ക് സമീപമാണ് അപകടമുണ്ടായത്.

നന്ദ്രം ജാട്ട് (70), നീതു ജാട്ട് (60), ദീപു ജാട്ട് (13), അർജുൻ ജാട്ട് (40) എന്നിവരാണ് മരിച്ചത്.



അപകടം നടന്ന സ്ഥലം

## ടിക്കാറാം മീണ കോൺഗ്രസിൽ ചേർന്നു

ന്യൂഡൽഹി: കേരളത്തിന്റെ മുൻ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണ കോൺഗ്രസിൽ ചേർന്നു. കഴിഞ്ഞയാഴ്ച ഡൽഹിയിൽ വച്ചാണ് മീണ കോൺഗ്രസിൽ ചേർന്നതെന്നാണ് റിപ്പോർട്ട്. പിന്നാലെ രാജസ്ഥാൻ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള 21 അംഗ മാനിഫെസ്റ്റോ കമ്മിറ്റിയുടെ കോ-കൺവീനറായി മീണയെ നിയമിച്ചു. ഈ വർഷം ഡിസംബറിലാണ് രാജസ്ഥാനത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ്. പി സി ജോഷി ചെയർമാനും ഗൗരവ് വല്ലഭ് കൺവീനറുമായ കമ്മിറ്റിയിലെ രണ്ട് കോ-കൺവീനർമാരിലൊരാളാണ് മീണ. രാജസ്ഥാനിലെ വനപ്രദേശത്തോട് ചേർന്നുകിടക്കുന്ന സാവായ് മധോപുരിലെ ഉൾഗ്രാമമാണ് മീണയുടെ സ്വദേശം. കർഷക കുടുംബത്തിൽ നിന്നുള്ള മീണ 1988 സിവിൽ സർവീസ് ബാച്ച് ഉദ്യോഗസ്ഥനാണ്. 2022 ഫെബ്രുവരിയിലാണ് വിരമിച്ചത്.

## കേന്ദ്രനിർദ്ദേശം തള്ളി സുപ്രിംകോടതി; 'രാജ്യദ്രോഹക്കുറ്റം' ഭരണഘടനാ ബെഞ്ച് പരിശോധിക്കും

ന്യൂഡൽഹി: രാജ്യദ്രോഹക്കുറ്റമായ ഐ.പി.സി 124 ന്റെ നിയമപരമായ സാധുത വിശാല ഭരണഘടനാ ബെഞ്ച് പരിശോധിക്കുമെന്ന് സുപ്രിംകോടതി. ഹരജികൾ അഞ്ച് അംഗങ്ങളിൽ കുറയാത്ത ഭരണഘടനാ ബെഞ്ച് പരിഗണിക്കണമെന്ന് സുപ്രിം കോടതി അഭിപ്രായപ്പെട്ടു. കേന്ദ്ര നിർദേശം തള്ളിയാണ്, ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള ബെഞ്ചിന്റെ നടപടി.പുതിയ ബെഞ്ച് രൂപീകരിക്കുന്നതിനായി ഹരജികൾ ചീഫ് ജസ്റ്റിസിന്റെ പരിഗണനയ്ക്കു വിടാൻ രജിസ്ട്രിക്ക് മൂന്നംഗ ബെഞ്ച് നിർദേശം നൽകി. ശിക്ഷാ നിയമം പൊളിച്ചെഴുതിക്കൊണ്ടിരിക്കുകയാണെന്നും പാർലമെന്റ് ഇക്കാര്യത്തിൽ നിയമനിർമാണം നടത്തുമെന്നും കേന്ദ്ര സർക്കാർ കോടതിയെ അറിയിച്ചിരുന്നു. ഹരജികൾ ഭരണഘടനാ ബെഞ്ചിലേക്കു വിടാതെ മാറ്റിവയ്ക്കാനും കേന്ദ്രം ആവശ്യപ്പെട്ടു. എന്നാൽ കോടതി ഇതു പരിഗണിച്ചില്ല.ഇന്ത്യൻ ശിക്ഷാ നിയമത്തിലെ രാജ്യദ്രോഹക്കുറ്റം (ഐപിസി 124 എ) മരവിപ്പിച്ചുകൊണ്ട് കഴിഞ്ഞ വർഷം മെയിൽ സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിരുന്നു. ഉചിതമായ സർക്കാർ സംവിധാനം ഇക്കാര്യത്തിൽ പുനപ്പരിശോധന നടത്തുന്നതുവരെ നിയമം മരവിപ്പിക്കുന്നെന്നാണ് കോടതി വ്യക്തമാക്കിയത്. ഈ വകുപ്പു പ്രകാരം പുതിയ കേസുകൾ രജിസ്റ്റർ ചെയ്യരുതെന്ന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് കോടതി നിർദേശം നൽകിയിരുന്നു. നിലവിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ നടപടികൾ നിർത്തിവയ്ക്കാനും കോടതി നിർദേശിച്ചു.



വിദ്യാഭ്യാസ ഓഫിസറുടെ കാർ വിദ്യാർഥികൾ തകർക്കുന്നു



## കേന്ദ്ര മന്ത്രിയെ ബിജെപി പ്രവർത്തകർ പാർട്ടി ഓഫീസിൽ പൂട്ടിയിട്ടു; പരിഹസിച്ച് തൃണമൂൽ കോൺഗ്രസ്

ന്യൂഡൽഹി: പശ്ചിമ ബംഗാളിൽ കേന്ദ്ര സഹമന്ത്രിയെ പാർട്ടി ഓഫീസിൽ പൂട്ടിയിട്ട് ബിജെപി പ്രവർത്തകർ. കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രിയും ബാങ്കുര എംപിയുമായ സുഭാഷ് സർക്കാരിയെ ആണ് പ്രവർത്തകർ പൂട്ടിയിട്ടത്. മന്ത്രി ഏകാധിപത്യപരമായി പെരുമാറുന്നു എന്ന് ആരോപിച്ചാണ് നടപടി.ജില്ലാ കമ്മിറ്റിയിലേക്ക് മന്ത്രി അടുപ്പക്കാരെ മാത്രം പരി?ഗണിക്കുന്നുവെന്നും പ്രവർത്തകർ ആരോപിച്ചു. ബാങ്കുരയിൽ മന്ത്രി യോഗം ചേരുന്നതിനിടെ ഒരു കൂട്ടം പ്രവർത്തകർ ഓഫീസിലേക്ക് അതിക്രമിച്ചു കയറി മന്ത്രിയെ പൂട്ടിയിടുകയായിരുന്നു. പിന്നീട് പൊലീസ് എത്തിയാണ് മന്ത്രിയെ പുറത്തിറക്കിയത്. തുടർന്ന് ബിജെപി പ്രവർത്തകർക്കിടയിൽ സംഘർഷമുണ്ടായി. മന്ത്രിയെ പൂട്ടിയിട്ട ബിജെപി പ്രവർത്തകർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് ബിജെപി സംസ്ഥാന വക്താവ് സമിക് ഭട്ടാചാര്യ പറഞ്ഞു. എന്നാൽ ബംഗാൾ ബിജെപയിൽ തമ്മിൽ തല്ല് മൂർധന്യത്തിലെത്തിയെന്ന് തൃണമൂൽ കോൺഗ്രസ് പരിഹസിച്ചു.

## ഹൈഡ്രോളിക് തകരാർ; റഷ്യൻ വിമാനം പാടത്ത് അടിയന്തരമായി പറന്നിറങ്ങി

അതിവിശാലമായ പാടത്ത് അടിയന്തര ലാൻറിംഗ് നടത്തിയ റഷ്യൻ വിമാനത്തിലെ 170 യാത്രക്കാരും സുരക്ഷിതരെന്ന് റിപ്പോർട്ട്. ഹൈഡ്രോളിക് തകരാറിനെത്തുടർന്നാണ് റഷ്യൻ യാത്രാ വിമാനം യുറൽ എയർലൈൻസിൻറെ എയർബസ് എ 320 സൈബീരിയയിലെ നോവോസിബിർസ്ക് മേഖലയിലെ വനമേഖലയ്ക്ക് സമീപത്തെ അതിവിശാലമായ പാടത്ത് അടിയന്തര ലാൻറിംഗ് നടത്തിയത്. ലക്ഷ്യ സ്ഥാനമായ ഓംസ്കിന് സമീപമെത്താറായപ്പോഴാണ് ജെറ്റിൻറെ ഹൈഡ്രോളിക് സംവിധാനങ്ങൾ തകരാറിലായതായി മുന്നറിയിപ്പ് ലഭിച്ചത്. ഇതിനെ തുടർന്നാണ് പൈലറ്റ് പാടത്ത് അടിയന്തര ലാൻറിംഗിന് തയ്യാറായതെന്ന് യുറലിൻറെ അറിയിപ്പിൽ പറയുന്നു. അതേ സമയം റഷ്യയ്ക്കെതിരായ അന്താരാഷ്ട്രാ ഉപരോധം കാരണം തങ്ങളുടെ വിമാനങ്ങൾ സർവീസ് ചെയ്യാൻ കഴിയില്ലെന്ന ആരോപണം എയർലൈൻ നിഷേധിച്ചു. കരിങ്കടൽ തീരത്തെ സോചിയിൽ നിന്ന് ഓംസ്കിലേക്ക് പറക്കുന്നതിനിടെ വിമാനത്തിൻറെ ഹൈഡ്രോളിക് സംവിധാനങ്ങളിലൊന്ന് തകരാറിലായതെന്ന് യുറൽ എയർലൈൻസ് മേധാവി സെർജി സ്കുരാറ്റോവ് പറഞ്ഞു.

# അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം; വിദ്യാഭ്യാസ ഓഫീസറുടെ കാർ തടഞ്ഞ് തകർത്ത് വിദ്യാർഥിനികൾ

പട്ന: സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിനെതിരായ പ്രതിഷേധത്തിനിടെ വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥന്റെ കാർ തടഞ്ഞ് കല്ലെറിഞ്ഞ് തകർത്ത് വിദ്യാർഥിനികൾ.

ബിഹാർ വൈശാലി ജില്ലയിലെ മഹനർ ഗ്രാമത്തിലാണ് സംഭവം. മഹനറിലെ ഗേൾസ് ഹൈസ്കൂൾ വിദ്യാർഥിനികളാണ് പ്രതിഷേധിച്ചത്. ബ്ലോക്ക് എജ്യുക്കേഷൻ ഓഫീസറുടെ കാറാണ് ആക്രമിക്കപ്പെട്ടത്.

വാഹനം വളഞ്ഞ വിദ്യാർഥിനികൾ കല്ലെറിയുകയും മുൻവശത്തെ ഗ്ലാസ് തകർക്കുകയും ചെയ്തു. സംഭവത്തിൽ ഇടപെട്ട പൊലീസുകാരിൽ ഒരാളായ പൂനം കുമാരിക്ക് പരിക്കേൽക്കുകയും ചെയ്തു. തങ്ങളുടെ ക്ലാസ് മുറികളിൽ ആവശ്യത്തിന് ബെഞ്ചോ ഡെസ്കുകളോ ഇല്ലെന്ന് വിദ്യാർഥിനികൾ പറയുന്നു.

ഇതിൽ രോഷാകുലരായ വിദ്യാർഥികൾ മഹ്നാർ മൊഹിയുദ്ദീനഗറിലെ പ്രധാന റോഡ് ഉപരോധിച്ചു. തുടർന്ന് മഹ്നാർ ബ്ലോക്ക് വിദ്യാഭ്യാസ ഓഫീസർ അഹല്യ കുമാറിന്റെ വാഹനം അടിച്ചു തകർക്കുകയായിരുന്നു. വിദ്യാർഥികൾ റോഡ് ഉപരോധിച്ചതിനെ തുടർന്ന് ഗതാഗതം സ്തംഭിച്ചു. അതേസമയം, സ്കൂളുകൾ തങ്ങളുടെ ശേഷിയേക്കാൾ കൂടുതൽ പ്രവേശനം നടത്തുന്നതാണ് പ്രശ്നമെന്ന് സംഭവത്തോട് പ്രതികരിച്ച് മഹ്നാറിലെ എസ്ഡിഒ നീരജ് കുമാർ പറഞ്ഞു.

'ഉള്ളിൽ ഇരിക്കാൻ ഇടം കിട്ടാതെ വിദ്യാർഥിനികൾ പ്രതിഷേധിക്കുകയും റോഡ് ഉപരോധിക്കുകയും ചെയ്തു. പ്രതിസന്ധിയെ തുടർന്ന് ഞങ്ങൾ രണ്ട് ഷിഫ്റ്റുകളായി സ്കൂൾ പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്'- അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രശ്നം സമാധാനപരമായി പരിഹരിക്കാൻ വിദ്യാർഥികൾ തയ്യാറല്ലെന്ന് വനിതാ പൊലീസ് ഉദ്യോഗസ്ഥ പുഷ്പകുമാരി ആരോപിച്ചു. 'വിദ്യാർഥികൾക്ക് തെറ്റുപറ്റി. അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു. പക്ഷേ അവർ ഇരുന്ന് സംസാരിക്കാൻ തയ്യാറല്ല. ഞങ്ങൾ വിദ്യാഭ്യാസ വകുപ്പിന് കത്തെഴുതുന്നുണ്ട്'- പുഷ്പകുമാരി പറഞ്ഞു.

അതേസമയം, സ്കൂൾ മാനേജ്മെന്റിനെതിരെ പ്രതിഷേധിച്ചപ്പോൾ ഒരു വനിതാ പൊലീസുകാരി ചില വിദ്യാർഥിനികളെ തല്ലിയതായും ഇതോടെയാണ് തങ്ങൾ വിദ്യാഭ്യാസ ഓഫീസറുടെ കാർ അടിച്ചു തകർത്തതെന്നും പെൺകുട്ടികൾ ആരോപിച്ചു.

സംഭവത്തെ തുടർന്ന് പ്രദേശത്ത് സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

## പെൺകുട്ടിയെ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ചു, പുറത്തറിഞ്ഞതോടെ ആത്മഹത്യാശ്രമം, യുവാവ് പിടിയിൽ

ആലപ്പുഴ: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ച കേസിൽ യുവാവ് അറസ്റ്റിൽ. വള്ളികുന്നം എണ്ണമ്പള്ളിശ്ശേരി സലിമിനെയാണ് (22) വള്ളികുന്നം പൊലീസ് പിടികൂടിയത്. പെൺകുട്ടിയെ ഇയാൾ കഴിഞ്ഞ ഒരാഴ്ച മുൻപാണ് പീഡിപ്പിച്ചത്. സംഭവം പെൺകുട്ടിയുടെ.ബന്ധുക്കൾ അറിഞ്ഞതോടെ സലിം ആത്മഹത്യയ്ക്ക് ശ്രമിച്ചു. ചികിത്സ കഴിഞ്ഞ് വീട്ടിലെത്തിയപ്പോഴാണ് പൊലീസ് അറസ്റ്റ് ചെയ്തത്.

# ബലാത്സംഗ പരാതി പിൻവലിച്ചില്ല, കാമുകിയെ വെള്ളത്തിൽ മുക്കിക്കൊന്നു; ഭാര്യയുടെ സഹായത്തോടെ സ്യൂട്ട്ക്കേസിലാക്കി മൃതദേഹം തള്ളി

മുംബൈ: മഹാരാഷ്ട്രയിൽ ഗ്രാഫിക് ഡിസൈനർ കാമുകിയെ ബക്കറ്റിലെ വെള്ളത്തിൽ മുക്കിക്കൊന്നു. ഭാര്യയുടെ സഹായത്തോടെ മൃതദേഹം സ്യൂട്ട്ക്കേസിലാക്കി അരുവിയിൽ തള്ളി. യുവതിയെ കാണാനില്ലെന്ന ബന്ധുക്കളുടെ പരാതിയിൽ പൊലീസ് നടത്തിയ അന്വേഷണത്തിലാണ് കൊലപാതകത്തിന്റെ ചുരുളഴിച്ചത്.

പാൽഘർ ജില്ലയിലെ നൈഗാവിലാണ് സംഭവം. 34കാരനായ ഗ്രാഫിക് ഡിസൈനർ 28കാരിയായ കാമുകിയെയാണ് കൊലപ്പെടുത്തിയത്. വീട്ടിൽ വച്ച് ബക്കറ്റിലെ വെള്ളത്തിൽ യുവതിയെ മുക്കി കൊലപ്പെടുത്തുകയായിരുന്നു. പിന്നാലെ ഭാര്യയുടെ സഹായത്തോടെ മൃതദേഹം സ്യൂട്ട്ക്കേസിലാക്കി 150 കിലോമീറ്റർ അകലെയുള്ള അരുവിയിൽ തള്ളി. സ്കൂട്ടറിലാണ് ഇവർ മൃതദേഹം കൊണ്ടുപോയതെന്നും പൊലീസ് പറയുന്നു.

കേസിൽ പ്രതി മനോഹർ ശുക്ലയെ ചൊവ്വാഴ്ച അറസ്റ്റ് ചെയ്തു. പിന്നീട് ഭാര്യ പൂർണിമയുടെ അറസ്റ്റും രേഖപ്പെടുത്തി. യുവതിയെ കാണാനില്ലെന്ന് കാട്ടി ബന്ധുക്കൾ ഓഗസ്റ്റ് പകുതിയോടെ നൽകിയ പരാതിയിൽ നടത്തിയ അന്വേഷണത്തിലാണ് കേസ് തെളിഞ്ഞത്.

ചോദ്യം ചെയ്യലിൽ മനോഹർ കുറ്റസമ്മതം നടത്തിയതായി പൊലീസ് പറയുന്നു. ഹയർ സ്റ്റൈലിസ്റ്റ് ആയി ജോലി ചെയ്ത് വരികയായിരുന്നു യുവതി. 2019ൽ മനോഹറിനെതിരെ യുവതി ബലാത്സംഗ കേസ് കൊടുത്തിരുന്നു. ഇത് പിൻവലിക്കണമെന്ന ആവശ്യം യുവതി നിരസിച്ചതാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നും പൊലീസ് പറയുന്നു.

2103ലാണ് ഇരുവരും സൗഹൃദത്തിലാവുന്നത്. സൗഹൃദം പിന്നീട് പ്രണയത്തിലേക്ക് വഴിമാറി. 2018ൽ പൂർണിമയെ വിവാഹം ചെയ്തിട്ടും മനോഹർ യുവതിയുമായുള്ള ബന്ധം തുടർന്നതായും പൊലീസ് പറയുന്നു. 2019ൽ ഇരുവരും തമ്മിലുള്ള ബന്ധം പൂർണിമ കൈയോടെ പിടികൂടി. ഇതിനെ ചൊല്ലി ഇരുവരും തമ്മിൽ വഴക്കിട്ടിരുന്നതായും പൊലീസ് പറയുന്നു.മനോഹർ ശുക്ല കുറ്റസമ്മതം നടത്തിയതിന് പിന്നാലെ കൊലപാതക ദിവസം അജ്ഞാത മൃതദേഹം കണ്ടെത്തിയിരുന്നോ എന്ന കാര്യം പൊലീസ് സ്ഥിരീകരിച്ചു. ടാറ്റൂവിന്റെ സഹായത്തോടെയാണ് മരിച്ചത് യുവതിയാണെന്ന് സ്ഥിരീകരിച്ചത്.

## സൗത്ത് കൊറിയൻ യുവതിയെ കയറിപിടിക്കാൻ ശ്രമം; ഹോങ്കോങിൽ ഇന്ത്യക്കാരൻ അറസ്റ്റിൽ

ഹോങ്കോങിൽ സൗത്ത് കൊറിയൻ സ്വദേശിനിയായ യുവതിക്ക് നേരെ ലൈംഗികാതിക്രമം നടത്തിയ സംഭവത്തിൽ ഇന്ത്യക്കാരൻ അറസ്റ്റിൽ. ഹിമാചൽ പ്രദേശ് സ്വദേശിയായ അമിത്(46) എന്നയാളെയാണ് ഹോങ്കോങ് പൊലീസ് പിടികൂടിയത്. ഹോങ്കോങിലെ രാജസ്ഥാൻ റിഫിൾസ് എന്ന ഹോട്ടലിലെ ജീവനക്കാരനാണ് അമിത്. കഴിഞ്ഞദിവസമാണ് എംടിആർ സ്റ്റേഷൻ പരിസരത്ത് വച്ച് വ്ളോഗർ കൂടിയായ യുവതിക്ക് നേരെ ഇയാൾ അതിക്രമം നടത്തിയത്. വാഹനത്തിനായി കാത്തുനിൽക്കുകയായിരുന്ന യുവതിയെ, വഴി ചോദിച്ചാണ് പ്രതി സമീപിച്ചത്. എന്നാൽ അൽപസമയത്തിന് ശേഷം ഇയാളുടെ പെരുമാറ്റം മാറുകയായിരുന്നെന്ന് യുവതി പറഞ്ഞു.

ശരീരത്തിൽ കയറി പിടിച്ച് തന്റെ കൂടെ വരാൻ ഇയാൾ ആവശ്യപ്പെടുകയായിരുന്നു. എതിർപ്പ് അറിയിച്ചിട്ടും യുവതിയെ ഇയാൾ വിടുന്നില്ല. തുടർന്ന് രക്ഷപ്പെട്ട് ഓടുന്ന യുവതിയുടെ പിന്നാലെ നടന്ന് വീണ്ടും ശരീരത്തിൽ കയറി പിടിക്കുന്നത് വീഡിയോയിൽ വ്യക്തമാണ്. യുവതിയുടെ ബഹളം വച്ചതോടെ ഇയാൾ സ്ഥലത്ത് നിന്ന് മുങ്ങുകയായിരുന്നെന്ന് പരാതിയിൽ പറയുന്നു.

സംഭവത്തിന്റെ വീഡിയോ സോഷ്യൽമീഡിയയിൽ പ്രചരിച്ചതോടെയാണ് പ്രതിയെ കണ്ടെത്താനുള്ള ശ്രമം ഊർജിതമാക്കിയത്. മണിക്കൂറുകൾക്ക് ശേഷം പ്രതിയെ പൊലീസ് പിടികൂടുകയായിരുന്നു.



# ഉത്തേജക ഉപയോഗം; മുൻ വിംബിൾഡൺ ചാമ്പ്യൻ സിമോണ ഹാലെപ്പിന് നാല് വർഷത്തെ വിലക്ക്

ഉത്തേജക വിരുദ്ധ ചട്ടലംഘനത്തിന് രണ്ട് തവണ ഗ്രാൻഡ്സ്ലാം ജേതാവായ റൊമാനിയയുടെ സിമോണ ഹാലെപ്പിന് നാല് വർഷത്തെ വിലക്ക്.

ഇന്റർനാഷണൽ ടെന്നീസ് ഇന്റഗ്രിറ്റി ഏജൻസിയാണ് (ഐടിഐഎ) വിലക്കേർപ്പെടുത്തിയിരിക്കുന്നത്.2022 ഒക്ടോബറിൽ യുഎസ് ഓപ്പണിന് പിന്നാലെ നടത്തിയ പരിശോധനയിൽ താരത്തിന്റെ സാമ്പിൾ പോസിറ്റീവായിരുന്നു.

ഇതിനു പിന്നാലെ താരത്തെ താത്കാലികമായി സസ്പെൻഡ് ചെയ്തിരുന്നു. രണ്ട് വ്യത്യസ്ത ചട്ട ലംഘനങ്ങൾക്കാണ് ഇപ്പോൾ നടപടിയെടുത്തിരിക്കുന്നത്.നിരോധിത വസ്തുവായ റോക്സാഡസ്റ്റാറ്റ് എന്ന പദാർഥത്തിന്റെ സാന്നിധ്യം കണ്ടെത്തിയതിനെ തുടർന്നാണ് വിലക്ക്. എന്നാൽ ഇക്കാര്യം നിഷേധിച്ച ഹാലെപ്പ് താൻ അറിഞ്ഞുകൊണ്ട് ഉത്തേജകം ഉപയോഗിച്ചിട്ടില്ലെന്നും വ്യക്തമാക്കി.



വിക്കറ്റ് നേടിയ കുൽദീപിനെ അഭിനന്ദിക്കുന്ന സഹതാരങ്ങൾ



# ജില്ലാ മിനി, ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ് ആരംഭിച്ചു

കോഴിക്കോട് ജില്ലാ മിനി, ജൂനിയർ, ത്രോ ബോൾ ചാമ്പ്യൻഷിപ്പ് വി.കെ കൃഷ്ണമേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിച്ചു.

ജില്ലാ ത്രോ ബോൾ അസോസിയേഷൻ പ്രസിഡന്റ് കെ.വി അബ്ദുൽ മജീദ് ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. കേരള സ്പോർട്സ് കൗൺസിൽ അംഗം ടി എം അബ്ദുറഹിമാൻ അധ്യക്ഷത വഹിച്ചു.

അരോമ നാസർ, യൂസഫ് കാരന്തൂർ, അബ്ദുൽ കരീം, സി ടി ഇല്യാസ്, എന്നിവർ ആശംസകൾ നേർന്നു യു.കെ ശ്രീജികുമാർ പൂനൂർ സ്വാഗതവും ജില്ലാ ത്രോ ബോൾ അസോസിയേഷൻ സെക്രട്ടറി യു. കെ ആദർശ് നന്ദിയും പറഞ്ഞു.

# ശ്രീലങ്കയെ കറക്കിവീഴ്ത്തി ഇന്ത്യ ഏഷ്യാ കപ്പ് ഫൈനലിൽ

കൊളംബോ: ഏഷ്യാകപ്പിൽ ചിരവൈരികളായ പാകിസ്താനെതിരെ നേടിയ കൂറ്റൻ ജയത്തിന്റെ വീര്യത്തിൽ ഇറങ്ങി ശ്രീലങ്കയെയും ദഹിപ്പിച്ച് ഇന്ത്യൻ വിജയഗാഥ.

41 റൺസിന് ശ്രീലങ്കയെ കെട്ടുകെട്ടിച്ച് ഇന്ത്യ ഫൈനലിൽ. ഇന്ത്യ ഉയർത്തിയ കേവലം 214 റൺസിന്റെ വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ ദസുൻ ഷനകെയും സംഘവും 172 റൺസിൽ മുട്ടുമടക്കുകയായിരുന്നു. നാല് വിക്കറ്റ് വീഴ്ത്തിയ കുൽദീപ് യാദവാണ് ലങ്കയുടെ നട്ടെല്ലൊടിച്ചത്. ടോസ് നേടി ആദ്യം ബാറ്റിങ് തിരഞ്ഞെടുത്ത നായകൻ രോഹിത് ശർമയുടെ തീരുമാനം ശരിയെന്ന് തെളിയിക്കുന്നതായിരുന്നു ഇന്ത്യയുടെ തുടക്കം. രോഹിതും ഗില്ലും ചേർന്ന് 80 റൺസിന്റെ ഒന്നാം വിക്കറ്റ് കൂട്ടുകെട്ടാണ് സൃഷ്ടിച്ചത്.

അടുത്ത സെഞ്ചുറി ഓപ്പണിങ് കൂട്ടുകെട്ടിലേക്ക് ഇന്ത്യ പോകുമെന്ന് തോന്നിക്കവെയാണ് ശ്രീലങ്കയുടെ വക ആദ്യ തിരിച്ചടിയുണ്ടായത്. 20കാരനായ വെല്ലാലാഗെ ഗില്ലിനെ പുറത്താക്കി ഇന്ത്യക്ക് ആദ്യ മുന്നറിയിപ്പ് നൽകി.

തുടർന്നങ്ങോട് അടുപ്പിച്ച് വിക്കറ്റ് വീഴ്ച. 90 റൺസായപ്പോൾ കോഹ്‌ലിയും 91ൽ രോഹിത് ശർമയും വീണു. എന്നാൽ തിങ്കളാഴ്ചത്തേതു പോലെ ഇന്നും അർധസെഞ്ചുറി സമ്മാനിച്ചായിരുന്നു ക്യാപ്റ്റന്റെ മടക്കം.

തുടർന്നെത്തിയവരിൽ കെ.എൽ രാഹുലും (39), ഇഷൻ കിഷനും (33) മാത്രമാണ് ഇന്ത്യൻ നിരയിൽ ഭേദപ്പെട്ട പ്രകടനം കാഴ്ചവച്ചത്.ഇന്നലെ തകർപ്പൻ സെഞ്ചുറിയോടെ ഇന്ത്യൻ വിജയത്തിന്റെ നട്ടെല്ലായ കോഹ്‌ലിയുടെ ഇന്നത്തെ വേട്ട മൂന്ന് റൺസിൽ ഒതുങ്ങി. പിന്നീട് അക്സർ പട്ടേൽ മാത്രമാണ് രണ്ടക്കം തികച്ച താരം (26). ഒടുവിൽ, 49.1 ഓവറിൽ എല്ലാവരെയും കൂടാരം കയറ്റിയാണ് ലങ്ക ഇന്ത്യക്ക് ഷോക്ക് ട്രീറ്റ്മെന്റ് നൽകിയത്. എന്നാൽ മറുപടിയേറിൽ കേവലം 41.3 ഓവറിൽ 172 റൺസിന് എല്ലാവരെയും മടക്കി ഇന്ത്യ കിടിലൻ തിരിച്ചടി നൽകുകയായിരുന്നു.ദുനിത് വെല്ലാലഗെ (42 നോട്ടൗട്ട്), ധനഞ്ജയ ഡിസിൽവ (41), ചരിത് അസലങ്ക (22) എന്നിവർ മാത്രമാണ് ശ്രീലങ്കൻ തോൽവിയുടെ നാണക്കേട് കുറച്ചത്.


കുൽദീപിനെ കൂടാതെ രണ്ട് വിക്കറ്റ് വീതം വീഴ്ത്തിയ ജസ്പ്രീത് ബുംറയും രവീന്ദ്ര ജഡേജയുമാണ് ലങ്കയെ കറക്കിവീഴ്ത്തി ഇന്ത്യൻ വിജയത്തിന്റെ ആണിക്കല്ലുകളായത്. സൂപ്പർ ഫോറിൽ നേരത്തേ പാകിസ്താനെതിരേ വമ്പൻ ജയം നേടിയ ഇന്ത്യ, തുടർച്ചയായ രണ്ടാം ജയത്തോടെയാണ് ഒരു മത്സരം ശേഷിക്കെ ഫൈനൽ ബർത്ത് ഉറപ്പിച്ചത്. 15ന് ബംഗ്ലാദേശിനെതിരെയാണ് ഇന്ത്യയുടെ അവസാന സൂപ്പർ ഫോർ മത്സരം. സൂപ്പർ ഫോറിലെ ശ്രീലങ്ക- പാകിസ്താൻ മത്സര വിജയികളാവും ഇന്ത്യയുടെ ഫൈനൽ എതിരാളി.

# ജപ്പാനോടേറ്റ തോൽവിക്ക് പിന്നാലെ ഫ്രാൻസിനെതിരെ ജർമനിക്ക് ആശ്വാസ ജയം

ഡോർട്മുണ്ട്: ജപ്പാനോട് 4-1ൻറെ തോൽവി വഴങ്ങിയതിൻറെ ആഘാതത്തിൽ നിന്ന് കരകയറാൻ ജർമനിക്ക് ആശ്വാസമായി ഫ്രാൻസിനെതിരെ ജയം. സൗഹൃദമത്സരത്തിൽ 2-1നാണ് ജർമനിയുടെ വിജയം. തോമസ് മുള്ളർ, ലെറോയ് സാനെ എന്നിവരാണ് ജർമനിക്കായി ഗോൾ നേടിയത്. ഫ്രാൻസിനായി ഗ്രീസ്മാൻ പെനാൽറ്റി ഗോൾ നേടി. കഴിഞ്ഞ സൗഹൃദ മത്സരത്തിൽ ജപ്പാനോട് 41ൻറെ ദയനീയ തോൽവി വഴങ്ങിയതിനു പിന്നാലെ പരിശീലകൻ ഹാൻസി ഫ്ലിക്കിനെ ജർമൻ ഫുട്ബാൾ ഫെഡറേഷൻ പുറത്താക്കിയിരുന്നു. ഫ്രാൻസിനെതിരായ ജയം ജർമനിക്ക് ആശ്വാസം നൽകുന്നതായി. ഫ്രാൻസുമായുള്ള മത്സരം തുടങ്ങി നാലാം മിനിറ്റിൽ തന്നെ ജർമനി മുള്ളറിലൂടെ മുന്നിലെത്തി. 87ാം മിനിറ്റിൽ സാനെയുടെ ഗോളിലൂടെ ജർമനി ജയം ഉറപ്പിച്ചു. 89ാം മിനിറ്റിൽ സാനെ വരുത്തിയ ഫൗളിന് ലഭിച്ച പെനാൽറ്റി ഗ്രീസ്മാൻ വലയിലെത്തിച്ചെങ്കിലും മത്സരത്തിലേക്ക് തിരിച്ചുവരാൻ ഫ്രാൻസിന് അതു മതിയായില്ല. 2022 ഡിസംബറിൽ ലോകകപ്പ് ഫൈനലിൽ അർജൻറീനയോട് പെനാൽറ്റി ഷൂട്ടൗട്ടിൽ തോൽവി വഴങ്ങിയതിന് ശേഷമുള്ള ഫ്രാൻസിൻറെ ആദ്യ തോൽവിയാണിത്. മുൻ സ്ട്രൈക്കർ റൂഡി വോളർക്കാണ് ജർമനി താൽക്കാലിക പരിശീലക സ്ഥാനം നൽകിയത്. 2022 ലോകകപ്പിൻറെ ആദ്യറൗണ്ടിൽ പുറത്തായതു മുതൽ ദയനീയ പ്രകടനം തുടരുന്ന ജർമൻ ടീമിനെ തോൽവികളിൽനിന്നു കരകയറ്റാൻ സാധിക്കാതെ വന്നതോടെയാണ് കോച്ച് ഹാൻസി ഫ്ലിക്കിനെ പുറത്താക്കിയത്.







ഗോൾനേട്ടം ആഘോഷിക്കുന്ന അർജന്റീന താരങ്ങൾ, ബ്രസീലിനായി ഗോൾ നേടിയ മാർകിഞ്ഞോയുടെ ആഹ്ലാദം

# ഇന്ത്യൻ ഫുട്ബോൾ ടീം തിരഞ്ഞെടുപ്പ് ജ്യോതിഷിയുടെ നിർദേശപ്രകാരം; സ്റ്റിമാച്ച് വിവാദത്തിൽ

ന്യൂഡൽഹി: എഎഫ്സി ഏഷ്യൻ കപ്പ് യോഗ്യതാ മത്സരത്തിനുള്ള ഇന്ത്യൻ ഫുട്ബോൾ ടീമിനെ പരിശീലകൻ ഇഗോർ സ്റ്റിമാച്ച് തിരഞ്ഞെടുത്തത് ജ്യോതിഷിയുടെ നിർദേശപ്രകാരമാണെന്ന് റിപ്പോർട്ട്. ഡൽഹിയിലെ ജ്യോത്സ്യൻ ഭൂപേഷ് ശർമയുടെ സഹായത്തോടെയാണ് സ്റ്റിമാച്ച് ഇലവനെ തീരുമാനിച്ചതെന്ന് എഐഎഫ്എഫ് ജനറൽ സെക്രട്ടറിയായിരുന്ന കുശാൽ ദാസ് വെളിപ്പെടുത്തി. ഇന്ത്യൻ എക്സ്പ്രസാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്.2022 ജൂണിൽ അഫ്ഗാനിസ്താനെതിരായ മത്സരത്തിൽ ജ്യോതിഷിയുടെ ഉപദേശപ്രകാരം രണ്ട് പ്രധാന താരങ്ങളെ ടീമിന് പുറത്തിരുത്തിയതായും റിപ്പോർട്ടിൽ പറയുന്നു. 2022 മേയിലാണ് സ്റ്റിമാച്ചിന് ജ്യോതിഷിയെ പരിചയപ്പെടുത്തിയതെന്ന് കുശാൽ ദാസിനെ ഉദ്ധരിച്ചുള്ള റിപ്പോർട്ടിൽ പറയുന്നു. രണ്ട് മാസത്തെ സേവനത്തിന് ഭൂപേഷ് ശർമ 12 മുതൽ 15 ലക്ഷം രൂപ വരെ കൈപ്പറ്റിയതായി കുശാൽ ദാസ് വെളിപ്പെടുത്തി. ഇന്ത്യ ഏഷ്യൻ കപ്പിന് യോഗ്യത നേടിയപ്പോൾ അതൊരു വലിയ തുകയായി തോന്നിയില്ലെന്നും കുശാൽ ദാസ് പറഞ്ഞു.അഫ്ഗാനെതിരായ മത്സരത്തിനു മുമ്പ് കളിക്കാരുടെ സാധ്യതാ പട്ടിക സ്റ്റിമാച്ച് ഈ ജ്യോതിഷിക്ക് അയച്ചു കൊടുത്തു എന്നതടക്കമുള്ള ഗുരുതര ആരോപണങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ജൂൺ 11-നായിരുന്നു മത്സരം. ഇതിനായി ഒൻപതാം തീയതി തന്നെ സ്റ്റിമാച്ച് താരങ്ങളുടെ പേരുകൾ ജ്യോതിഷിക്ക് നൽകിയെന്ന് റിപ്പോർട്ടിൽ പറയുന്നു. താരങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് 'മികച്ചത്', 'നന്നായി കളിക്കും', 'ആത്മവിശ്വാസം വേണം', ശരാശരി, 'ഇന്ന് കളിപ്പിക്കരുത്' തുടങ്ങിയ ഉപദേശങ്ങൾ നൽകി. അദ്ദേഹത്തിന്റെ ഉപദേശ പ്രകാരം രണ്ടു പ്രധാനതാരങ്ങളെ ടീമിൽനിന്ന് ഒഴിവാക്കുകയും ചെയ്തു.അഫ്ഗാനെതിരായ മത്സരം ഇന്ത്യ 2-1ന് വിജയിച്ചിരുന്നു. പിന്നാലെ ജോർദാൻ, കംബോഡിയ, അഫ്ഗാനിസ്താൻ, ഹോങ്കോങ് ടീമുകൾക്കെതിരായ മത്സരങ്ങൾക്ക് മുമ്പും അന്തിമ ഇലവനെ തീരുമാനിക്കാൻ ജ്യോതിഷി ടീമിനെ സഹായിച്ചു. ഇതിനായി സ്റ്റിമാച്ച് ജ്യോതിഷിക്ക് അയച്ച സന്ദേശങ്ങളും പുറത്തുവന്നിട്ടുണ്ട്.



### കഴിഞ്ഞ വർഷം പുറത്തുവന്ന റിപ്പോർട്ട്

എ.എഫ്.സി എഷ്യൻ കപ്പ് യോഗ്യതാ റൗണ്ടിൽ ഗ്രൂപ്പ് ജേതാക്കളായാണ് ഇന്ത്യ 2023 എ.എഫ്.സി കപ്പിന് യോഗ്യത നേടിയത്.

ഈ ടൂർണമെന്റിൽ ഇന്ത്യൻ സംഘത്തെ പ്രചോദിപ്പിക്കാനും യോഗ്യത ഉറപ്പാക്കാനുമായി ഒരു ജ്യോതിഷ ഏജൻസിക്ക് ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ (എ.ഐ.എഫ്.എഫ്) നൽകിയത് 16 ലക്ഷം രൂപയാണെന്ന് 2022 ജൂണിൽ വാർത്താ ഏജൻസിയായ പിടിഐ റിപ്പോർട്ട് ചെയ്തിരുന്നു.

എ.എഫ്.സി കപ്പ് യോഗ്യതാ മത്സരങ്ങൾക്ക് മുമ്പായി ഒരു മോട്ടിവേറ്ററെ ടീമിനൊപ്പം നിയമിച്ചിരുന്നുവെന്നും പിന്നീടുള്ള അന്വേഷണത്തിൽ ഇയാൾ ഒരു ജ്യോതിഷ ഏജൻസിയുടെ ഭാഗമായ വ്യക്തിയാണെന്ന് വ്യക്തമാകുകയും ചെയ്തതായി ബന്ധപ്പെട്ട വൃത്തങ്ങളെ ഉദ്ധരിച്ച് അന്ന് പിടിഐ റിപ്പോർട്ട് ചെയ്തു.

# അർജന്റീനക്ക് മിന്നും ജയം; പെറുവിനെ തകർത്ത് ബ്രസീൽ

ലിമ: ലോകകപ്പ് യോഗ്യതാ റൗണ്ടിൽ അവസാന നിമിഷ ഗോളിൽ പെറുവിനെ മറികടന്ന് ബ്രസീൽ. 90-ാം മിനിറ്റിൽ മർകിഞ്ഞോസ് നേടിയ ഗോളാണ് ബ്രസീലിന് ജയമൊരുക്കിയത്. മറ്റൊരു മത്സരത്തിൽ അർജന്റീന എതിരില്ലാത്ത മൂന്ന് ഗോളിന് ബൊളീവിയയെ തകർത്തു. അതേസമയം, ഉറുഗ്വെയ്ക്ക് തോൽവി നേരിടേണ്ടി വന്നു. ഇക്വഡോർ 2-1നാണ് ഉറുഗ്വെയെ അട്ടിമറിച്ചത്. ചിലെ - കൊളംബിയ മത്സരം സമനിലയിൽ പിരിഞ്ഞു.

പെറുവിനെതിരെ ബ്രസീലിന് തന്നെയായിരുന്നു നേരിയ മുൻതൂക്കം. എന്നാൽ സ്വന്തം ഗ്രൗണ്ടിൽ പെറു കനത്ത വെല്ലുവിളി ഉയർത്തി. ഗോൾ നേടിയത് മാർകിഞ്ഞോസാണെന് മാത്രം. നെയ്മർ തൊടുത്തുവിട്ട കോർണർ കിക്കിൽ ബ്രസീലിയൻ പ്രതിരോധതാരം തല വെക്കുകയായിരുന്നു. രണ്ട് മത്സരങ്ങളിൽ ആറ് പോയിന്റുള്ള ബ്രസീലാണ് പോയിന്റ് പട്ടികയിൽ മുന്നിൽ. ഇത്രയും തന്നെ പോയിന്റുള്ള അർജന്റീന രണ്ടാമത്. ഗോൾ വ്യത്യാസത്തിലാണ് അർജന്റീന രണ്ടാമതായത്. ബൊളീവിയയെ എതിരില്ലാത്ത മുന്ന് ഗോളിനാണ് അർജന്റീന തോൽപ്പിച്ചത്. മെസി ഇല്ലാതെ ഇറങ്ങിയ അർജന്റീനയെ എയ്ഞ്ചൽ ഡി മരിയ തോളിലേറ്റുകയായിരുന്നു. എൻസോ ഫെർണാണ്ടസ്, നിക്കോളാസ് ടാഗ്ലിയാഫിക്കോ, നിക്കോളാസ് ഗോൺസാലസ് എന്നിവരാണ് ഗോളുകൾ നേടിയത്. ഡി മരിയ രണ്ട് അസിസ്റ്റുകൾ നൽകി. സമുദ്ര നിരപ്പിൽ നിന്ന് 3600 അടിക്ക് മുകളിലുള്ള ലാ പാസിലെ സ്റ്റേഡിയത്തിൽ അർജന്റൈൻ താരങ്ങൾ പലപ്പോഴും ശ്വാസമെടുക്കാൻ ബുദ്ധിമുട്ടി.

39-ാം മിനിറ്റിൽ ബൊളീവിയൻ താരം റോബർട്ടോ ഫെർണാണ്ടസ് ചുവപ്പ് കാർഡുമായി പുറത്തായത് ബൊളീവിയക്ക് തിരിച്ചടിയായി. 31-ാം മിനിറ്റിൽ എൻസോയിലൂടെയാണ് അർജന്റീന ലീഡെടുക്കുന്നത്. ഡി മരിയ ബൊളീവിയൻ ബോക്സിലേക്ക് നിലം പറ്റെ നൽകിയ ക്രോസിൽ എൻസോ ഫിനിഷ് ചെയ്യുകയായിരുന്നു.

ആദ്യ പകുതി അവാനിക്കാൻ മൂന്ന് മിനിറ്റ് മാത്രം ബാക്കിയുള്ളപ്പോൾ അർജന്റീനയുടെ രണ്ടാം ഗോളും വന്നു. ഡി മരിയ രണ്ടാം അസിസിറ്റായിരുന്നു ഇത്. അർജൻ്റൈൻ വെറ്ററൻ താരം നൽകിയ ഫ്രീകിക്കിൽ തലവെച്ചാണ് ടാഗ്ലിയാഫിക്കോ ഗോൾ നേടുന്നത്.

83ാം മിനിറ്റിൽ ഗോൾസാലസ് ലീഡുയർത്തി. എക്സേക്വീൽ പലാസിയോസിന്റെ അസിസ്റ്റിലായിരുന്നു ഗോൺസാലസിന്റെ ഗോൾ. പകരക്കാരനായി ഇറങ്ങിയ പലാസിയോസ് ഡി ബോക്സിന് പുറത്ത് നിന്ന് നൽകിയ പന്ത് സ്വീകരിച്ച നിക്കോളാസ് നിറയൊഴിച്ചു.

മറ്റൊരു മത്സരത്തിൽ ഇക്വഡോർ രണ്ടിതെിരെ ഒരു ഗോളിന് ഉറുഗ്വെയെ അട്ടമിറിച്ചു. അഗസ്റ്റിൽ കനോബിയോയുടെ ഗോളിൽ ഉറുഗ്വെ മുന്നിലെത്തി. എന്നാൽ ഫെലിക്സ് ടോറസിന്റെ രണ്ട് ഗോളുകൾ ഇക്വഡോറിന് ജയമൊരുക്കി. ആദ്യ പകുതിയുടെ ഇഞ്ചുറി സമയത്തായിരുന്നു ടോറസിന്റെ ആദ്യ ഗോൾ. 61-ാം മിനിറ്റിൽ പട്ടിക പൂർത്തിയായി. വെനെസ്വേല 1-0ത്തിന് പരാഗ്വെയെ മറികടന്നു. ചിലി - കൊളംബിയ മത്സരം ഗോൾരഹിത സമനിലയിൽ അവസാനിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.